
RURAL INFORMATION BUREAU
ഗ്രാമഭൂമി
2019 മാർച്ച്-ഏപ്രിൽ
പുസ്തകം 42 ലക്കം 02
ദ്വൈമാസിക
വനിതകൾ
നേരിടുന്ന സമകാലിക
വെല്ലുവിളികൾ



റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

ഗ്രാമഭൂമി
ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

2019 മാർച്ച്-ഏപ്രിൽ
പുസ്തകം 42
ലക്കം 2


# എഡിറ്റോറിയൽ

## സ്ത്രീധനം എന്ന ക്രൈം

മാർച്ച്8, അന്താരാഷ്ട്രവനിതാദിനം. ലോകമെമ്പാടും വനിതാദിനം ആഘോഷിച്ചു. വനിതകളുടെ മുന്നേറ്റത്തെക്കുറിച്ച് പലതും പ്രസംഗിക്കപ്പെട്ടു.എഴുതപ്പെട്ടു. പക്ഷേ, അതൊക്കെ വിരലിൽ എണ്ണാവുന്ന വളരെ കുറച്ചുപേരെക്കുറിച്ചു മാത്രം. മുന്നേറ്റവും ശാക്തീകരണവുമൊക്കെ ഒരു ഭാഗത്ത് നടപ്പിലാക്കപ്പെടുമ്പോൾ സ്ത്രീധനം എന്ന മഹാ വിപത്ത് കേരള സമൂഹത്തെയാകെ കാർന്നു തിന്നുകൊണ്ടേയിരിക്കുന്നു. സ്ത്രീധനം നൽകാനില്ലാത്തതിന്റെ പേരിൽ വിവാഹം നടക്കാത്ത പെൺകുട്ടികൾ എത്രയോപേർ നമുക്കിടയിൽ ഉണ്ട്. വിവാഹം നടന്നു കഴിഞ്ഞ സ്തീകളുടെ ജീവിതവും പലപ്പോഴും സുരക്ഷിതമല്ല. ഗാർഹിക പീഡനനിയമം 2005 ൽ നിലവിൽ വന്നതോടെ ധാരാളം പരാതികൾ കോടതികളിലും പോലീസ് സ്റ്റേഷനുകളിലും ഫയൽ ചെയ്യപ്പെടുന്നു എന്നതിനപ്പുറം സമൂഹ മനസ്സിന് സ്ത്രീധനം ഒരു ക്രൈം ആണെന്ന ബോധം ഇതുവരെയും ഉണ്ടായിട്ടില്ല. മരുമകളായി ചെന്നുകയറുന്ന വീട്ടിൽ സ്ത്രീ അപമാനിക്കപ്പെടരുതെന്ന തിരിച്ചറിവും ഉണ്ടായിട്ടില്ല. വിവാഹത്തോടൊപ്പം കൊണ്ടുചെല്ലുന്ന സ്വത്തിന്റെ അളവനുസരിച്ചാണ് പലർക്കും മരുമകളോടും ഭാര്യയോടുമുള്ള സ്നേഹത്തിന്റെ ഏറ്റക്കുറച്ചിൽ. ഇതിനെതിരെ ശക്തമായ ബോധവത്കരണം നടത്താൻ അന്താരാഷ്ട്ര ദിനം കൊണ്ടാടുന്നവർ എല്ലാവരും ശ്രദ്ധിക്കേണ്ടതല്ലേ? ശാക്തീകരണം ഒരു ദിവസത്തെ ആഘോഷമല്ല,മറിച്ച് അതൊരു ജീവിത സമവാക്യമാകുമ്പോഴാണ് യഥാർഥ മുന്നേറ്റമുണ്ടാവുക.

അതിനായി ചില കാര്യങ്ങൾ നമുക്ക് ചെയ്യാനാകും. സ്ത്രീധനത്തിനും ഗാർഹിക പീഡനത്തിനും എതിരെയുള്ള കാംപെയ്ൻ വീടു വീടാന്തരം നടത്താം. ഒപ്പം സ്ത്രീധന-ഗാർഹിക പീഡന നിയമങ്ങളെക്കുറിച്ചുള്ള അറിവുകൾ നൽകുന്ന ലഘുലേഖകൾ വിതരണം ചെയ്യാം. കൂടാതെ റസിഡൻസ് അസോസിയേഷനുകൾ വഴി ക്ലാസുകൾ സംഘടിപ്പിച്ചും ജനങ്ങൾക്കിടയിൽ ആഴത്തിൽ ബോധവത്കരണമുണ്ടാക്കുകയാണ് ആദ്യപടി. ഇത്തരം ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ മാധ്യമങ്ങൾക്കും വലിയ പങ്ക് വഹിക്കാൻ കഴിയും.

ഗാർഹിക പീഡനം, സ്ത്രീധനപ്രശ്നം എന്നിവ വെറും നിയമം മാത്രമായി ഒതുങ്ങാതിരാക്കാൻ, രജിസ്റ്റർ ചെയ്യുന്ന ഓരോ വിവാഹത്തിലും സ്ത്രീധനം നൽകപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്താൻ വേണ്ട കർശന നടപടികൾ സർക്കാർ തലത്തിൽ കൈക്കൊള്ളുക എന്നതാണ് അടുത്തതായി സ്വീകരിക്കേണ്ടത്. ഇതിലൂടെ ഒരു വലിയ പരിധി വരെ ഈ വിപത്തുകൾക്ക് തടയിടാൻ സാധിക്കും.

പലപ്പോഴും സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഗാർഹിക പീഡനങ്ങളിലേക്ക് തിരിയുന്നത്. വനിതാ സംഘടനകൾ ഒറ്റക്കെട്ടായി നിന്ന് ഈ സാമൂഹികവിപത്തിനെതിരായി പ്രവർത്തിക്കാൻ മുൻകൈ എടുക്കണം.അപ്പോഴാണ് യഥാർഥ ശാക്തീകരണത്തിന് തുടക്കമാവുക.


ഉപദേശക സമിതി **ചെയർമാൻ:** എൻ. പത്മകുമാർ ഐഎഎസ് ഗ്രാമവികസന കമ്മീഷണർ
അംഗങ്ങൾ വി.എസ്. സന്തോഷ്കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-1, എൽ.പി. ചിത്തർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ II
• കെ. ചന്ദ്രശേഖരൻ നായർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ PMGSY • അബ്ദുൾ സലിം ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF
• കെ. വനജകുമാരി, ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി • കെ.പി. ജോസഫ് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ് • ദിവ്യ, ഡെപ്യൂട്ടി ഡയറക്ടർ (P&M)
• സബീഹ പി.എം, ഫിനാൻസ് ഓഫീസർ • എ. അജിത്ദാസ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ചീഫ് എഡിറ്റർ **അജിതാദാസ്,** ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
അസിസ്റ്റന്റ് എഡിറ്റർ **സി. പ്രശാന്ത്** അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ
സർക്കുലേഷൻ മാനേജർ **റ്റി. സനൽകുമാർ,** മാനേജർ കവർ & ലേ-ഔട്ട് **രതീഷ് കുമാർ** rash8590070404@gmail.com
ഓഫീസ് **റൂറൽ ഇൻഫർമേഷൻ ബ്യൂറോ,** ആറാം നില, സ്വരാജ് ഭവൻ,നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3. ഫോൺ : 0471 2317262 email : ribkerala@gmail.com

## കത്തുകൾ

### കണ്ടലുകളെ സ്നേഹിച്ച മനുഷ്യൻ

പരിസ്ഥിതി സംരക്ഷണത്തെ പ്രാണവായുപോലെ കരുതിയ കല്ലേൻ പൊക്കുടൻ എന്ന പ്രകൃതി സ്നേഹിയെ പ്പറ്റി കൂടുതൽ മനസ്സിലാക്കാൻ ഉപകരിക്കുന്ന ലേഖനമായിരുന്നു ഡോ. ടി.ആർ. ജയകുമാരി എഴുതിയ 'കണ്ടലുകൾക്കായി ജീവിച്ച കല്ലേൻ പൊക്കുടൻ'. നമ്മുടെ ജൈവവൈവിധ്യം നിറഞ്ഞ പ്രകൃതി വ്യാപകമായ രീതിയിൽ ചൂഷണത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കല്ലേൻ പൊക്കുടനെപ്പോലെയുള്ള നിസ്വാർത്ഥ പ്രകൃതി സ്നേഹികൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ലേഖികയ്ക്കും ഗ്രാമഭൂമിയ്ക്കും അഭിനന്ദനങ്ങൾ.

**എൻ.ഗംഗാധരൻ നായർ** മാന്നാനം

### അനുകരണീയം

ബ്ലോക്കു പഞ്ചായത്തുകളുടെ പ്രവർത്തന പരിധിക്കും പരിമിതികൾക്കും ഇടയിൽ നിന്നു കൊണ്ട് നിരവധി പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കി സ്വരാജ് ട്രോഫി കരസ്ഥമാക്കിയ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിനെക്കുറിച്ചുള്ള ലേഖനം നന്നായി. മറ്റു ബ്ലോക്ക് പഞ്ചായത്തുകൾക്കും അനുകരിക്കാവുന്ന മാതൃകാപദ്ധതികൾ നടപ്പിലാക്കി വരുന്ന നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിനെ പരിചയപ്പെടുത്തിയ ഗ്രാമ ഭൂമിക്ക് അഭിനന്ദനങ്ങൾ.

**പി.എൻ. ലത്തീഫ്** ഉടുമ്പൻചോല

### സാംസ്കാരിക ഭൂമിക

കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ എന്തുകൊണ്ടും പ്രഥമസ്ഥാനം അലങ്കരിക്കാൻ അവകാശമുള്ള ഭൂപ്രദേശമാണ് ആറന്മുള എന്ന് വിളിച്ചോതുന്നതായിരുന്നു രണ്ടു ലക്കങ്ങളിലായി ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിച്ച 'ആറന്മുളയുടെ ഗ്രാമപ്പെരുമ' എന്ന ലേഖനം. ആ നാടിന്റെ സാമൂഹ്യ സാംസ്കാരിക പരിസരങ്ങളെയെല്ലാം സമഗ്രമായി ത്തന്നെ വിലയിരുത്തിയ ആ ലേഖനം പ്രസിദ്ധീകരിച്ച ഗ്രാമഭൂമിക്ക് ആശംസകൾ നേരുന്നു. ഇനിയും ഇത്തരം ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

**ജി.രാജീവ് കുമാർ** നെന്മാറ




6 **അനുസ്മരണം** അംബേദ്കർ എന്ന ഉത്തരം! ഷിജു ഏലിയാസ്





14 **കവർസ്റ്റോറി** വനിതകൾ നേരിടുന്ന സമകാലിക വെല്ലുവിളികൾ ആർ. ഷൈനി

16 **റിപ്പോർട്ട്** ആഘോഷമായി വനിതാദിനം




**'ഗ്രാമഭൂമി' ദ്വൈവാർഷിക വരിസംഖ്യ 24 രൂപ**

**തപാലിൽ ലഭിക്കുവാൻ**

ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
**മണിയോർഡർ അയയ്ക്കുക** email : ribkerala@gmail.com



*ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.*




## കവിത

12 കണിപ്പൂവ്
അഷ്ടമൻ സാഹിതി

19 തീണ്ടാരി
മുജീബ് റഹ്മാൻ കരുളായി





25 ഗ്രാമമുദ്ര
കേരള മാതൃകയും പഞ്ചായത്ത് രാജ് സംവിധാനങ്ങളും
ടി. ഷാഹുൽ ഹമീദ്





## ചരിത്രം

20 ഒരുപിടി ഉപ്പ്
അജിത് വെണ്ണിയൂർ

30 മറവിയിൽ നിന്നുണർത്തട്ടെ വൈക്കം സത്യാഗ്രഹം
സുബ്രഹ്മണ്യൻ അമ്പാടി





28
## ഓർമ
അഷിതയ്ക്കു മരണമില്ല
അജിതാദാസ്





34
## പദ്ധതി
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി



"മനസ്സിന്റെ  സ്വാതന്ത്ര്യമാണ്
യഥാർത്ഥ സ്വാതന്ത്ര്യം.

മനസ്സുകൊണ്ട്
സ്വതന്ത്രനല്ലാത്തവൻ
ചങ്ങലയില്ലാത്ത അടിമയാണ്.

അവൻ ജയിലറയ്ക്കു പുറത്തു
ജീവിക്കുന്ന തടവുപുള്ളിയാണ്.

മനസ്സ് സ്വതന്ത്രമല്ലാത്തവൻ
ജീവിച്ചിരുന്നാലും
മരിച്ചതിനു തുല്യമാണ്.

മനസ്സിന്റെ
സ്വാതന്ത്ര്യമാണ്
വ്യക്തിയുടെ
അസ്തിത്വം."

*ഡോ. അംബേദ്കർ*

# അംബേദ്കർ എന്ന ഉത്തരം!

ഷിജു ഏലിയാസ്

**മഹത്തായ ഇന്ത്യൻ സ്വാതന്ത്ര്യ സമരം ഊതിക്കാച്ചിയെടുത്ത രത്നമാണ് നാം സ്നേഹാദരങ്ങളോടെ ഭീം എന്നു വിളിക്കുന്ന ഭീംറാവ് റാംജി അംബേദ്കർ. മധ്യ പ്രദേശിലെ ഒരു ദളിത് കുടുംബത്തിൽ ജനിച്ച്, കടുത്ത അവഗണയും അവഹേളനവും അനുഭവിച്ചു വളർന്ന ഭീം ഇന്ത്യ എന്താണെന്ന് തലമുറകളെ പഠിപ്പിക്കുന്ന രാഷ്ട്രശിൽപിയായി മാറിയത് ആധുനിക പൗരജീവിതത്തിലേക്ക് ഈ രാജ്യം കാൽ വച്ചതിനൊപ്പമാണ്.**

ഒരു രാജ്യത്തിന് മറ്റൊരു രാജ്യത്തെ അടക്കി ഭരിക്കാൻ അവകാശമില്ലെന്ന തത്ത്വം കോളോണിയൽ വാഴ്ചയ്ക്കെതിരായ സമര മുദ്രാവാക്യമായി ലോകം മുഴുവൻ അലയടിച്ച കാലത്താണ് ഇന്ത്യ ഒരു രാഷ്ട്രമെന്ന നിലയിൽ സ്വയം കണ്ടെത്തിയത്. ഒരു വർഗത്തിന് മറ്റൊരു വർഗത്തെ ഭരിക്കാൻ അവകാശമില്ലെന്ന തത്ത്വം അതുപോലെ തന്നെ പ്രധാനമാണെന്ന് ദേശീയ നേതാക്കളെ നിരന്തരം ഓർമിപ്പിച്ച രാഷ്ട്രീയ ദാർശനികനും മഹാനായ ദേശീയ നേതാവുമാണ് ഡോ. അംബേദ്കർ. വിദേശാധികാരികളെ പുറത്താക്കിയതു കൊണ്ടു മാത്രം സ്വാതന്ത്ര്യം പൂർണ്ണമാകില്ലെന്ന് ഗാന്ധിജിയും അംബേദ്കറും രണ്ടു വ്യത്യസ്ത രീതികളിൽ സമർത്ഥിച്ചു. ഒരു ജനതയെന്ന നിലയിൽ ഇന്ത്യക്കാർ സ്വയം കണ്ടെത്തി സാക്ഷാൽക്കരിക്കേണ്ടതാണ് രാജ്യത്തിന്റെ സ്വാതന്ത്ര്യമെന്ന് ഗാന്ധിജിയെന്ന പോലെ, അംബേദ്കറും കരുതി. വിദേശാധിപത്യത്തെ എതിർക്കുന്നതിനൊപ്പം, ഇന്ത്യക്കാർ ഇന്ത്യക്കാരെത്തന്നെ അടിമകളാക്കുന്നതിനെതിരെ ശബ്ദിച്ചു എന്നതാണ്, ഇരുവർക്കും ഇടയിലെ സമാനതകളിൽ ഒന്ന്. സമകാലികരായ മറ്റ് പല ദേശീയ നേതാക്കളിൽ നിന്നും വ്യത്യസ്തമായി, മനുഷ്യൻ മനുഷ്യനു നേരേ നത്തുന്ന ചൂഷണത്തെ മത ധാർമികതയുടെ പരിസരത്തു നിന്ന് വേർപെടുത്തി സാമൂഹികവും ചരിത്രപരവുമായി മനസ്സിലാക്കാനും അവതരിപ്പിക്കാനും അംബേദ്കർ തയ്യാറായി.

ഇന്ത്യൻ റിപ്പബ്ലിക്ക് എന്തിനു വേണ്ടി നിലകൊള്ളുന്നുവെന്ന് അസന്നിഗ്ധമായി പ്രഖ്യാപിക്കുന്ന ഒന്നാണ് നമ്മുടെ ഭരണഘടന. പണ്ഡിറ്റ് നെഹ്റു ഉൾപ്പെടെയുള്ള നേതാക്കളുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊള്ളിച്ചാണ് നമ്മുടെ ഭരണഘടന രൂപപ്പെടുത്തിയത്. എന്നാൽ, ഇന്ത്യൻ രാഷ്ട്ര സംവിധാനം ഏറ്റവുമധികം കടപ്പെട്ടിരിക്കുന്നത് അംബേദ്കറോടാണ്. ഭരണഘടനയുടെ ശിൽപ്പിയെന്ന വിശേഷണം അദ്ദേഹത്തിന് മാത്രമുള്ളതാണ്. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ നിയമകാര്യ മന്ത്രി കൂടിയായിരുന്നു ഡോ. അംബേദ്കർ. രാജ്യത്തിന്റെ മതേതര അടിത്തറയ്ക്ക് ഉറപ്പു പകർന്നത് അംബേദ്കറുടെ നേതൃത്വത്തിൽ കരുപ്പിടിപ്പിച്ച ഭരണഘടനയാണ്. ഇന്ത്യൻ മതേതരത്വത്തിന് മുറിവേൽപ്പിച്ചു കൊണ്ട്, ബാബറി മസ്ജിദ് അടിച്ചു തകർക്കപ്പെട്ടത്, രാജ്യം അദ്ദേഹത്തിന്റെ മുപ്പത്തിആറാം ചരമ വാർഷിക ദിനം ആചരിച്ച 1992 ഡിസംബർ 6-നായത്

യാദൃച്ഛികമാവാം. എന്നാൽ, ഈ അംബേദ്കർ ദിനത്തിൽ അദ്ദേഹത്തിന്റെ യഥാർത്ഥ സ്മാരകമായ ഇന്ത്യൻ ഭരണഘടന കടുത്ത വെല്ലുവിളികൾ നേരിടുന്നത് നിഷേധിക്കാനാവാത്ത വിധം വ്യക്തമാണ്.

ഇന്ത്യയിലെ ദളിതർ ഉൾപ്പെടെയുള്ള അവശ, പിന്നാക്ക വിഭാഗങ്ങളുടെ വിമോചനത്തിന് അംബേദ്കർ നൽകിയ സംഭാവന സമാനതകളില്ലാത്തതാണ്. ഒരു ആധുനിക പൗരസമൂഹത്തെ കുറിച്ചുള്ള അംബേദ്കറുടെ സങ്കൽപ്പമാണ് ഇന്ത്യൻ ഭരണഘടനാ തത്ത്വങ്ങളുടെ അസ്തിവാരമായി മാറിയത്. ഇന്ത്യയെ നിലനിർത്തുന്ന രാഷ്ട്രീയ ബന്ധങ്ങളിലും പൗരസമൂഹ വ്യവഹാരങ്ങളിലും ഇന്നും ഡോ. അംബേദ്കറുടെ അദൃശ്യ സാന്നിധ്യമുണ്ട്. ഭരണഘടനയ്ക്കെതിരായ ഓരോ വെല്ലുവിളിയും അദ്ദേഹം മുന്നോട്ടുവച്ച സാമൂഹ്യ വിമോചന തത്ത്വങ്ങൾക്കെതിരായ നീക്കം കൂടിയാണ്.

മഹത്തായ ഇന്ത്യൻ സ്വാതന്ത്ര്യ സമരം ഊതിക്കാച്ചിയെടുത്ത രത്നമാണ് നാം സ്നേഹാദരങ്ങളോടെ ഭീം എന്നു വിളിക്കുന്ന ഭീംറാവ് റാംജി അംബേദ്കർ. മധ്യപ്രദേശിലെ ഒരു ദളിത് കുടുംബത്തിൽ ജനിച്ച്, കടുത്ത അവഗണയും അവഹേളനവും അനുഭവിച്ചു വളർന്ന ഭീം ഇന്ത്യ എന്താണെന്ന് തലമുറകളെ പഠിപ്പിക്കുന്ന രാഷ്ട്രശിൽപിയായി മാറിയത് ആധുനിക പൗരജീവിതത്തിലേക്ക് ഈ രാജ്യം കാൽ വച്ചതിനൊപ്പമാണ്. അധസ്ഥിത ജാതികളിൽ പെട്ടവർ ആധുനിക വിദ്യാഭ്യാസം നേടുന്നത് പാപമായി കണക്കാക്കപ്പെട്ടുപോന്ന കാലത്താണ് ദളിതനായ അംബേദ്കർ തന്റെ സ്കൂൾ വിദ്യാഭ്യാസവും കോളേജ് വിദ്യാഭ്യാസവും പൂർത്തിയാക്കിയത്. ചിരപുരാതനങ്ങളായ സ്മൃതികളിലോ തന്ത്രശാസ്ത്രങ്ങളിലോ ദളിതന് വിദ്യയഭ്യസിക്കാൻ വിധിയില്ല. സുമനസ്സുകളുടെ സഹായം ഉണ്ടായാൽ പോലും സാമൂഹ്യമായ ബഹിഷ്ക്കരണവും ഒറ്റപ്പെടുത്തലും അവഹേളനവും, പലപ്പോഴും, കായിക ആക്രമണവും നേരിട്ടു വേണമായിരുന്നു ജാതി ഇന്ത്യയിലെ കീഴാളർക്ക് വിദ്യാഭ്യാസം നേടാൻ. ആധുനിക വിദ്യാഭ്യാസം വരുന്നതിനു മുൻപു തന്നെ സവർണ്ണർക്ക്, വിശേഷിച്ച് ബ്രാഹ്മണർക്ക്, ഭാഷാഭ്യാസനത്തിലും വൈദിക സാഹിത്യപഠനത്തിലും ഊന്നൽ നൽകുന്ന ഒരു സാമ്പ്രദായിക വിദ്യാഭ്യാസ സമ്പ്രദായം പരിചിതമായിരുന്നു. ഈ വിഭാഗങ്ങൾക്ക് വേണ്ടി പാടത്തും പറമ്പിലും പണി ചെയ്യുന്ന ദളിതുകൾ ആധുനിക വിദ്യാഭ്യാസം നേടി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വന്നാൽ, അത് സമൂഹത്തിന്റെ ക്രമവും സമാധാനവും തകർക്കുമെന്ന് പൊതുവെ കരുത



പ്പെട്ടു. ആചാരങ്ങളും വിശ്വാസങ്ങളും മതവും അതിന് കൂട്ടുനിന്നു. മതവും ദൈവ സങ്കൽപ്പങ്ങളും പുറത്തു നിർത്തിയ ജനവിഭാഗങ്ങളെയാണ് അംബേദ്കർ പ്രതിനിധീകരിച്ചത്. ജാതിക്കോട്ടകൾ തകർന്നു വീഴുന്ന ഒരു കാലം വരുമെന്ന് അംബേദ്കർ കണക്കുകൂട്ടി. അതിനു വേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കാൻ യൗവ്വനാരംഭത്തിലേ തീരുമാനമെടുത്തു. എന്നാൽ, അക്രമത്തിന്റെയോ ബലപ്രയോഗത്തിന്റെയോ മാർഗം അദ്ദേഹത്തിന് സ്വീകാര്യമായി തോന്നിയില്ല. പ്രശ്നത്തെ വൈകാരികമായി സമീപിക്കാൻ അദ്ദേഹം ഒരുക്കമായിരുന്നില്ല. സാമൂഹ്യ വിവേചനത്തിന്റെയും ജാതിപരമായ പിന്നോക്കാവസ്ഥയുടെയുടെയും അടിവേരു തേടിയായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണങ്ങൾ. ശരിയായ ആശയം മുന്നോട്ടു വയ്ക്കുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധയത്രയും. അമേരിക്കയിലും ഇംഗ്ലണ്ടിലും നടത്തിയ ഉപരി പഠനവും സ്വന്തം നിലയിൽ നടത്തിയ പഠനമനനങ്ങളും അദ്ദേഹത്തിലെ പണ്ഡിതനെയും ചിന്തകനെയും രൂപപ്പെടുത്തി. ക്രാന്തദർശിയായ ഒരു എഴുത്തുകാരൻ എന്ന നിലയിലാണ് അംബേദ്കർ ആദ്യം ശ്രദ്ധിക്കപ്പെട്ടത്. നിയമം, രാഷ്ട്രതന്ത്രം, സാമ്പത്തിക ശാസ്ത്രം എന്നീ മേഖ

ലകളിലെ പാണ്ഡിത്യവും മറ്റുള്ളവർ കാണാത്ത സൂക്ഷ്മവശങ്ങൾ കണ്ടെത്തുന്നതിനുള്ള അന്യാദൃശമായ കഴിവും അദ്ദേഹത്തിന് അനിതരസാധാരണമായ ആദരവും അംഗീകാരവും നേടിക്കൊടുത്തു. ഇന്ത്യയെ വരിഞ്ഞുമുറുക്കിയ ജാതി ഘടനക്കെതിരെ ഇത്രകണ്ട് ശക്തവും ആധികാരികവുമായി എഴുതുന്ന മറ്റൊരാളെ അന്നോളം രാജ്യത്തിന് പരിചയം ഉണ്ടായിരുന്നില്ല. രോഷാകുലമായ ഭാഷയല്ല, ഈടുള്ള ആശയങ്ങളും ആധികാരികമായ നിരീക്ഷണങ്ങളുമായിരുന്നു അദ്ദേഹത്തിലെ എഴുത്തുകാരന്റെ കൈമുതൽ. ജാതി -ജന്മി നാടുവാഴിത്തത്തിന്റെ പിടിയിൽ നിന്ന് കുതറി മാറുന്ന ഇന്ത്യയുടെ പ്രതീകമായി ലോകം ആ പേര് തിരിച്ചറിഞ്ഞു. ആ മാറ്റത്തിന്റെ തുടർച്ചയിൽ നമുക്ക് ഒരു ഭരണഘടനയുണ്ടായി. അതിൽ ഭീമിന്റെ കൈയൊപ്പു പതിഞ്ഞു.

സ്വാതന്ത്ര്യം നേടുമ്പോൾ അഞ്ഞൂറിലധികം നാട്ടുരാജ്യങ്ങളായി വേർപെട്ടു കിടന്ന ഇന്ത്യ ഇപ്പോഴും ഒന്നായി നിലനിൽക്കുന്നത് മഹത്തായ ഇന്ത്യൻ ഭരണഘടനയുടെ ശക്തികൊണ്ടാണ്. അത് ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളാവട്ടെ, സ്വാതന്ത്ര്യ സമരത്തിന്റെ സംഭാവനയും. രാജ്യത്തെ മതപരമായി പിളർത്തി, ഇന്ത്യയും പാക്കിസ്താനും രണ്ടായപ്പോൾ, എത്രയെങ്കിലും സ്ഥലങ്ങളിൽ കടുത്ത വർഗീയ അസ്വാരസ്യങ്ങളുണ്ടായി. മറുവശത്താകട്ടെ, രാജ്യം സാമ്പത്തിക ഞെരുക്കത്തിൽ പൊറുതിമുട്ടി. ഭാവിരാജ്യത്തിന്റെ സ്വഭാവവും ഉള്ളടക്കവും എന്തായിരിക്കണമെന്ന കാര്യത്തിൽ വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ, വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ഉയർന്നുവന്നു. ഈ സങ്കീർണ്ണ സാഹചര്യത്തെയാണ് അംബേദ്കറുടെ നേതൃത്വത്തിലുള്ള ഭരണഘടനാ നിർമാണ സഭ നേരിട്ടത്. ഓരോ തത്ത്വവും അതിന്റെ വ്യാഖ്യാനവും രാജ്യത്തിനു മുഴുവൻ ബോധ്യമാകുന്ന വിധത്തിൽ പറഞ്ഞുറപ്പിക്കേണ്ടിയിരുന്നു. ഏറ്റവും അനുയോജ്യനായ വ്യക്തിയെ രാജ്യം അതിനു നിയോഗിച്ചു. 141 ദിവസം കൊണ്ട് ഇന്ത്യൻ ഭരണഘടനയുടെ കരട് തയ്യാറാക്കപ്പെട്ടു. ഇതിനകം നൂറിലധികം തവണ ഭേദഗതി ചെയ്യ



പ്പെട്ട ഇന്ത്യൻ ഭരണഘടന, അതിന്റെ അടിസ്ഥാന സ്വഭാവത്തിൽ യാതൊരു മാറ്റവുമില്ലാതെ, ലോകത്തിന്റെ രാഷ്ട്രീയ ഭൂപടത്തിൽ, ഒരു കൊളോസസ് പോലെ, ഇന്നും തലയെടുപ്പോടെ നിൽക്കുന്നു.

അംബേദ്കറുടെ ജീവിതവും ആ വ്യക്തിത്വവും ഒരു പാഠപുസ്തകമാണ്. ദുരിതങ്ങൾ നിറഞ്ഞതായിരുന്നു ആ ബാല്യം. മറ്റു കുട്ടികളിൽ നിന്നകന്ന്, ക്ലാസുമുറിയുടെ ഒരു മൂലയിൽ ചാക്കു വിരിച്ചിരുന്നാണ് ഭീം പഠിച്ചത്. സ്കൂളിലെ പൊതു ടാപ്പിൽ നിന്ന് വെള്ളമെടുക്കാൻ ഭീമിന് അനുവാദമുണ്ടായിരുന്നില്ല. കഠിനാധ്വാനവും നിശ്ചയദാർഢ്യവും കൈമുതലാക്കി, കടുത്ത ജാതി വിവേചനവും അതിന്റെ ഭാഗമായ അവഹേളനവും ഉപദ്രവങ്ങളും നേരിട്ട്, അംബേദ്കർ പഠിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കുന്ന ആദ്യത്തെ മഹർ സമുദായക്കാരനായി അംബേദ്കർ മാറി. ബറോഡാ രാജാവിന്റെ സ്കോളർഷിപ്പു കൊണ്ട് മികച്ച നിലയിൽ ബിരുദ പഠനം പൂർത്തിയാക്കിയിട്ടും, ദളിതനായ അംബേദ്കർക്ക് ജോലി നൽകാൻ ആരും തയ്യാറായില്ല. രാജാവിന്റെ ശുപാർശയിൽ ലഭിച്ച സൈന്യത്തിലെ ലഫ്റ്റനന്റ് ഉദ്യോഗമാണ് തുടക്കത്തിൽ അംബേദ്കർക്ക് താങ്ങായത്. അമേരിക്കയിലെ കൊളംബിയ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിന് സ്കോളർഷിപ് ലഭിച്ചതോടെ, ഭാവിയുടെ വാതായനങ്ങൾ അദ്ദേഹത്തിനു മുന്നിൽ തുറക്കപ്പെട്ടു. മാസ്റ്റർ ബിരുദവും ഡോക്ടറേറ്റും നേടിയതിനു ശേഷവും അദ്ദേഹം തന്റെ പഠന ഗവേഷണങ്ങൾ തുടർന്നു. ലണ്ടനിൽ പഠനം തുടരുന്നതിനിടയിൽ, സ്കോളർഷിപിന്റെ കാലാവധി അവസാനിച്ച് ഇന്ത്യയിലേക്ക് മടങ്ങാൻ അംബേദ്കർ നിർബന്ധിതനായി. അതിനു ശേഷവും അദ്ദേഹം തന്റെ അന്വേഷണങ്ങൾ തുടർന്നു.

ഇന്ത്യയുടെ സാമൂഹ്യ പിന്നോക്കാവസ്ഥയുടെയും ജാതിയുടെയും അടിവേരുകൾ തേടിയായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണമത്രയും. ജാതിക്കും സാമൂഹ്യ വിവേചനത്തി





നും പുരുഷാധിപത്യത്തിനും എതിരായ മൂല്യങ്ങൾ ഇന്ത്യയുടെ ചരിത്രത്തിൽ നിന്നും പാരമ്പര്യത്തിൽ നിന്നും കണ്ടെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇന്ത്യയുടെ രാഷ്ട്രീയ, ദാർശനിക വ്യവഹാര മണ്ഡലത്തിലേക്ക് ബുദ്ധ ചിന്തയെ തിരിച്ചു കൊണ്ടുവന്നത് അംബേദ്കറാണ്. ഓരോ കണ്ടെത്തലും അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾക്ക് കൂടുതൽ തീർച്ച നൽകി. അതിന്റെ തുറന്ന പ്രഖ്യാപനമായിരുന്നു അദ്ദേഹം ആരംഭിച്ച ബഹിഷ്കൃത ഭാരതം എന്ന പത്രം. അദ്ദേഹം സ്ഥാപിച്ച ഇൻഡിപ്പെന്റൻഡ് ലേബർ പാർട്ടി ജനങ്ങളെ ആകർഷിക്കുന്നതിൽ വേണ്ടത്ര വിജയിച്ചില്ല. വാസ്തവത്തിൽ, അതിനേക്കാൾ എത്രയോ



> **ഇന്ത്യയുടെ സാമൂഹ്യ പിന്നോക്കാവസ്ഥയുടെയും ജാതിയുടെയും അടിവേരുകൾ തേടിയായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണമത്രയും. ജാതിക്കും സാമൂഹ്യ വിവേചനത്തിനും പുരുഷാധിപത്യത്തിനും എതിരായ മൂല്യങ്ങൾ ഇന്ത്യയുടെ ചരിത്രത്തിൽ നിന്നും പാരമ്പര്യത്തിൽ നിന്നും കണ്ടെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.**

ഉയരത്തിലായിരുന്നു അംബേദ്കർ എന്ന വ്യക്തിക്ക് ജനങ്ങൾ അവരുടെ മനസ്സിൽ നൽകിയ സ്ഥാനം.

ഭരണഘടനാ ശിൽപിയായ അംബേദ്കർ, ഭരണ ഘടന എല്ലാ കുഴപ്പങ്ങൾക്കുമുള്ള ഒറ്റമൂലിയാണെന്ന വിശ്വാസം പങ്കുവച്ചില്ല. ഭരണഘടന എത്ര നന്നായിരുന്നാലും ഭരിക്കുന്നവർ മോശക്കാരായാൽ അതു കൊണ്ട് ഫലമില്ലെന്ന് അദ്ദേഹം തുറന്നടിച്ചു. ഇന്ത്യ ഒരു ആധുനിക വികസിത സമൂഹമായി മാറണമെങ്കിൽ, ആത്മാർത്ഥമായ ഭരണ നടപടികളും ദിശാബോധമുള്ള സാമൂഹിക മുന്നേറ്റങ്ങളും അനിവാര്യമാണെന്ന് അദ്ദേഹം കരുതി. പ്രതിഷേധത്തിന്റെ ഒരു കനൽ എന്നും കെടാതെ മനസ്സിൽ സൂക്ഷിച്ച അദ്ദേഹം അഭിപ്രായ വ്യത്യാസങ്ങൾ വെട്ടിത്തുറന്നു പറയാൻ ഒരിക്കലും മടിച്ചില്ല. ചൂഷിത ജാതി വിഭാഗങ്ങളെ പുച്ഛത്തോടെ കണ്ടു പോന്ന ജാതിക്കോമരങ്ങളോട് അദ്ദേഹം ഒരിക്കലും ക്ഷമിച്ചില്ല. ഭരണഘടനാ വാഴ്ച നിലവിൽ വന്നതിനു ശേഷവും ജാതി പിടിമുറുക്കുന്നത് അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നു. ജാതി വ്യവസ്ഥ ധാർമികമാണെന്ന വാദത്തെ അദ്ദേഹം നഖശിഖാന്തം എതിർത്തു. ജാതിയെ മനുഷ്യത്വപരമായി പരിഷ്ക്കരിക്കണം എന്നതായിരുന്നു മഹാത്മാഗാന്ധി ഉൾപ്പെടെയുള്ളവരുടെ നിലപാട്. എന്നാൽ, ജാതിയെ വേരോടെ പിഴുതുകളയണം എന്ന അഭിപ്രായത്തിൽ അംബേദ്കർ ഉറച്ചു നിന്നു. വിഷം അമൃതാക്കി മാറ്റാൻ കഴിയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആധുനിക മൂല്യങ്ങളിൽ അടിയുറച്ച ജനാധിപത്യത്തിൽ, അസമത്വത്തിന്റെ ആചാരരൂപമായ ജാതിക്ക് എന്തെങ്കിലും സ്ഥാനമുണ്ടെന്ന് അദ്ദേഹം കരുതിയില്ല. 1956 ൽ 3 ലക്ഷത്തോളം അനുയായികളുമൊത്ത് ബുദ്ധമതം സ്വീകരിക്കാൻ വരെ അദ്ദേഹം തയ്യാറായി. തന്റെ പതിനേഴാം വയസ്സിൽ ബുദ്ധനെ വായിച്ചു തുടങ്ങിയ അംബേദ്കർ ബ്രാഹ്മണാധിപത്യക്രമത്തിനെതിരെ പ്രതിഷേധിച്ച ഒരു മഹാദാർശനികനായി ബുദ്ധനെ കണ്ടെത്തുകയായിരുന്നു.

ഭരണഘടന നിലവിൽ വരുന്നതോടെ വൈരുധ്യങ്ങൾ നിറഞ്ഞ ഒരു ജീവിതക്രമത്തിലേക്കാണ് നമ്മൾ പ്രവേശിക്കുന്നതെന്ന് അംബേദ്കർ തുറന്നു പറഞ്ഞു. രാഷ്ട്രീയത്തിൽ നമുക്കുള്ള സമത്വം സാമൂഹ്യ ബന്ധങ്ങളിലോ സാമ്പത്തിക ജീവിതത്തിലോ ഇല്ലെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. ഒരാൾക്ക് ഒരു വോട്ടും ഒരു വോട്ടിന് ഒരു മൂല്യവും എന്ന തത്ത്വം പ്രഖ്യാപിക്കുന്ന ഭരണഘടനയ്ക്കു കീഴിൽ, എല്ലാ മനുഷ്യർക്കും ഒരേ മൂല്യമെന്ന തത്ത്വം നമ്മൾ നിഷേധിച്ചുകൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. എത്ര കാലം നമുക്കീ വൈരുധ്യങ്ങളെ വച്ചുപൊറുപ്പിക്കാനാവുമെന്ന് ഇന്ത്യയുടെ രാഷ്ട്രീയ മനസ്സാക്ഷിയെ നോക്കി അംബേദ്കർ ചോദിച്ചു. സാമൂഹ്യ സാമ്പത്തിക അസമത്വങ്ങൾ മാറ്റമില്ലാതെ തുടരാൻ അനുവദിച്ചാൽ, അത് നമ്മുടെ രാഷ്ട്രീയ ജനാധിപത്യത്തെ തകർക്കുമെന്ന് അദ്ദേഹം നിരീക്ഷിച്ചു.

ജനാധിപത്യ, മതേതര മൂല്യങ്ങൾ വെല്ലുവിളി നേരിടുന്ന വർത്തമാന കാലത്ത്, മഹത്തായ ഇന്ത്യൻ ഭരണഘടന ഒരു വിളക്കുമരമാണ്. ഭീംറാവ് റാംജി അംബേദ്കർ അതിലെ വെളിച്ചവും.●

കവിത



# കണിപ്പൂവ്

അഷ്ടമൻ സാഹിതി



വസന്തത്തിൻ നിലാത്തേരിൽ
വിരുന്നെത്തി വിഷുക്കാലം
ഒളിമിന്നും കിനാവിന്റെ
പുലരൊളി പ്രഭാപൂരം.

പുതുമണ്ണിൽ കനവിന്റെ
പുതുധാന്യ ചമൽക്കാരം
ഇതിന്നെന്റെ കിനാവിന്റെ
വിയർപ്പിന്റെ ഫലപ്രാപ്തി.

മയിൽത്തൂവൽ കളിത്തേരിൽ
വിതപ്പാട്ടിൻ വൈശാഖം
ഇവളെന്റെ പ്രതീക്ഷയ്ക്ക്
ചിറകേകും വിഷുപ്പക്ഷി.

കണിക്കൊന്ന ചിമിഴിന്റെ
ഇമപ്പീലി തുടിക്കുന്നു
മേടത്തിൻ പടിക്കല്ലിൽ
തിടമ്പേറ്റും കണിക്കൊന്ന.

പഴമൊഴി കതിർകൊയ്യും
പനന്തത്ത കിളിക്കൊഞ്ചൽ
ഇതു നിന്റെ കിനാവിലെ
വിരുന്നിന്റെ മിഴിപ്പൂവ്.

ഇമപൂട്ടും മിഴികൾക്ക്
ഇതു നിന്റെ മിഴിത്തോറ്റം
വിഷുക്കാഴ്ചപ്പുലരിക്ക്
കണിപ്പൂവിൻ തിരുക്കാഴ്ച.

ഒരു കുളിർ കിനാവിലെൻ
കരൾ നനഞ്ഞലിയുന്നു
ഹിമകണക്കുളിരിലും
മൊഴിക്കാറ്റ് ചിരിക്കുന്നു.
കിനാവിന്റെ മഷിത്തണ്ടിൽ
കുളിരിന്റെ നിറച്ചാർത്തായ്
ഹൃദയത്തിൻ കണിച്ചെപ്പിൽ
വിടരുന്നു കണിപ്പൂവ്.

കരൾ നീറും മുളന്തണ്ടിൽ
സ്വരതാള ലയങ്ങൾക്ക്
കണിപ്പൂവിൻ സ്വരച്ചാർത്തായ്
തുകിൽമഞ്ഞ കണിത്തൂവൽ.

കണിക്കൊന്ന കുളിരിന്റെ
വിഷുച്ചെപ്പിൽ മിഴിച്ചാന്ത്
ചിരിക്കുന്ന പുലർക്കാറ്റിൽ
തുടികൊട്ടിൻ കണിത്താലം.

കിതപ്പാറ്റിയിരിക്കുവാൻ
വിഷുപ്പക്ഷി ചിലയ്ക്കുന്നു
തുടിപ്പാട്ടിൻ പദത്തല്ലിൽ
പിടയ്ക്കുന്നു പഴമ്പ്രാക്ക്.

വരികെന്റെ കണിപ്പൂവേ
തരളിത കിനാവിലും
മഴവില്ലിൻ പറക്കൊട്ടിൽ
പുതുധാന്യം നിറയ്ക്കുവാൻ.

വിരുന്നെത്തും വിഷുപ്പക്ഷി
ഒരുമാത്രയിരിക്കുവാൻ
കരൾക്കൂടുതുറന്നോളൂ
കതിർമണി കൊറിക്കുവാൻ.

# വനിതകൾ നേരിടുന്ന സമകാലിക വെല്ലുവിളികൾ

ആർ. ഷൈനി

മൂല്യാധിഷ്ഠിത സംസ്കാരമാണ് ഭാരതീയരുടേത്. പുരാതനമായ ഭാരതീയ സംസ്കാരത്തിൽ സ്ത്രീയെ ദേവതയായും വിശുദ്ധയായുമൊക്കെയാണ് സങ്കൽപിച്ചു പോരുന്നത്. ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമെന്ന് ഖ്യാതി നേടുമ്പോഴും സതിയും ബാലവിവാഹവും നിയമംമൂലം നിരോധിക്കുവാൻ കഴിഞ്ഞു എങ്കിലും ഒട്ടേറെ സംസ്ഥാനങ്ങളിലും സ്ത്രീകളുടെ അവസ്ഥ പിന്നോക്കമാണെന്ന് കാണാവുന്നതാണ്. സമൂഹത്തിന്റെ മനോഭാവം, പാരമ്പര്യകാഴ്ചപ്പാടുകൾ, ജാതീയവ്യവസ്ഥകൾ, സുരക്ഷിതത്വമില്ലായ്മ, ലൈംഗിക ചൂഷണം, തൊഴിലും വരുമാനവുമില്ലായ്മ, വേതനത്തിലെ തുല്യതക്കുറവ്, ദാരിദ്ര്യം ഇവയെല്ലാം സ്ത്രീകളുടെ ആത്മവിശ്വാസം ഇല്ലാതാക്കുന്നു. ഇടത്തരക്കാരും താഴ്ന്ന വരുമാനക്കാരുമായ സ്ത്രീകൾക്കാണ് ഇത്തരം പ്രശ്നങ്ങൾ കൂടുതലും അഭിമുഖീകരിക്കേണ്ടിവരുന്നത്. പെൺഭ്രൂണഹത്യ, സ്ത്രീധനത്തിന്റെ പേരിലുള്ള കൊലപാതകങ്ങൾ എന്നിവയും പുതുവാർത്തയല്ലാതാകുന്നു.

സ്ത്രീയും പുരുഷനും പരസ്പരപൂരകമായി വർത്തിക്കുന്നതിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അധികാരസമവാക്യങ്ങളുടെ അസന്തുലിതാവസ്ഥയിലും ലിംഗപരവും ജീവശാസ്ത്രപരവുമായ ഉത്തരവാദിത്വ ധ്രുവീകരണത്തിലുംപെട്ട് സ്ത്രീയുടെ മാനസിക ശാരീരിക സംഘർഷങ്ങൾ കുടുംബങ്ങളിൽ വിള്ളൽ ഉണ്ടാക്കുന്ന അവസ്ഥയിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്ന



"മാതൃത്വം മഹനീയം എന്ന് കരുതുന്നു എങ്കിലും സ്ത്രീകളെ മെരുക്കുന്നതിലും സർവ്വം സഹയാക്കി രൂപപ്പെടുത്തുന്നതിലും വജ്രായുധമായി തീരുന്നത് അമ്മയായിപോയി എന്നതാണ്.

ത്. നിരക്ഷരയായ സ്ത്രീയും വിദ്യാഭ്യാസവും തൊഴിലും നേടിയ സ്ത്രീയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാണെങ്കിലും അടിസ്ഥാനപരമായി ഇതിനുള്ള കാരണങ്ങൾ ലിംഗപരമാണ്. ദരിദ്രയായവൾ സ്വയം ഉൾവലിയുമ്പോൾ ധനമുള്ള സ്ത്രീ ഒരു കൂട്ടം അരുതുകളുടെ വേലിക്കെട്ടുകൾക്കുള്ളിലാണ്. പുരുഷൻമാർ മാത്രം ഏർപ്പെടുകയും അവരുടെ കുത്തകയായിതന്നെ കാലാകാലങ്ങളായി നിലനിൽക്കുകയും ചെയ്തുപോന്ന വ്യവസായം ഉൾപ്പെടെയുളള എല്ലാ മേഖലകളിലും സ്ത്രീകൾ കഴിവു തെളിയിച്ചു കഴിഞ്ഞു. സ്ത്രീയെ ഉപഭോഗവസ്തുവായി മാത്രം കാണുന്ന ഒരു ചെറു വിഭാഗം എല്ലാ തലങ്ങളിലും ഉണ്ടെന്നുളളത് വലിയ ഭീഷണി തന്നെയാണ്. കായികശേഷിയിലും തൊഴിൽ വൈദഗ്ധ്യത്തിലും സ്ത്രീ പുരുഷനെക്കാൾ പിന്നിലാണ് എന്ന പാരമ്പര്യ ധാരണ നിലനിൽക്കുന്നതിനാൽ ഒരേ ജോലിക്ക് ഒരേ കൂലി എന്നത് തൊഴിലാളി സ്ത്രീക്ക് സ്വപ്നവും പ്രതീക്ഷയും മാത്രമാണ്. കൂലി കൂടുതൽ ചോദിച്ചാൽ ഉള്ള തൊഴിൽ കൂടി ഇല്ലാതാവുന്ന സാഹചര്യം സംജാതമാകും എന്നതിനാൽ കിട്ടുന്ന കൂലി വാങ്ങി തിരികെ പോകാനേ സാധിക്കൂ.



മാതൃത്വം മഹനീയം എന്ന് കരുതുന്നു എങ്കിലും സ്ത്രീകളെ മെരുക്കുന്നതിലും സർവ്വം സഹയാക്കി രൂപപ്പെടുത്തുന്നതിലും വജ്രായുധമായി തീരുന്നത് അമ്മയായി പോയി എന്നതാണ്. ക്ഷമിക്കാനും സഹിക്കാനും ഭാവിയെക്കുറിച്ച് ആശങ്കപ്പെടാനും സ്ത്രീ തുടങ്ങുന്നത് മാതാവാകുന്നതോടെയാണെന്ന് കരുതുന്നതിൽ തെറ്റില്ല. മനസ്സാക്ഷി മരവിച്ച മാതാവ് ഇന്നു സർവ്വസാധാരണമാണ്. കുഞ്ഞിനുനൊന്താൽ ഉള്ളുരുകുന്ന അമ്മ ഇന്ന് സ്വന്തം കുഞ്ഞിന്റെ നിലവിളി കേട്ടിട്ടും കേട്ടില്ലെന്നു നടിക്കുന്നു. രണ്ടാം ഭർത്താവിന്റെ ചുമലിൽ ജീവിതം പൂത്തുലയുന്നത് സ്വപ്നം കണ്ട് സ്വന്തം രക്തത്തിൽ പിറന്ന പെൺകുഞ്ഞിനുണ്ടാകുന്ന ലൈംഗിക ചൂഷണങ്ങൾക്ക് കൂട്ടു നിൽക്കുന്നു. സ്ത്രീധനം നൽകാൻ പ്രാപ്തികുറവാണെന്ന തോന്നലിൽ പ്രായപൂർത്തിയാകുന്നതിനു മുൻപെ ഉത്തരവാദിത്വങ്ങൾ ഒഴിവാക്കാൻ വെമ്പൽ കൊളളുന്നു. പെൺമക്കൾക്ക് സ്ത്രീധനം ഉണ്ടാക്കാൻ മാത്രമാണ് ഒരു കൂട്ടം അമ്മമാർ ജീവിക്കുന്നത് തന്നെ. വീട്ടിലും പൊതുസ്ഥലത്തും യാത്രയിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും വിനോദകേന്ദ്രങ്ങളിലും എല്ലാം പെൺകുട്ടി ലൈംഗിക അതിക്രമങ്ങൾക്ക് വിധേയയാകാം എന്ന ആശങ്കയിൽ അമ്മമാരിൽ അകാരണഭയം രൂപപ്പെടുകയാണ്. അതുമൂലം മാനസിക സംഘർഷങ്ങൾ സാധാരണമാകുന്നു. ഉദ്യോഗസ്ഥരായ സ്ത്രീകളുടെ ഉൽപാദനക്ഷമതയെ ഇത് തെല്ലൊന്നുമല്ല ബാധിക്കുന്നത്. പെൺകുട്ടികളുടെ മേൽ എന്തിനും ഏതിനും വിലക്കുകൾ വന്നുചേരുമ്പോൾ അതെല്ലാം അവളുടെ ആത്മവിശ്വാസത്തെയും സ്വതന്ത്ര ചിന്താഗതിയെയും കെടുത്തിക്കളയും.

തൊഴിലെടുക്കുന്ന സ്ത്രീകൾ സമ്പാദിക്കുന്നു എന്നതൊഴിച്ചാൽ മാനസിക ശാരീരിക സമ്മർദ്ദങ്ങൾക്ക് വിധേയരാണ്. രോഗാതുരത കൂടുതലും കാണപ്പെടുന്നത് ഇക്കൂട്ടരിലാണെന്നതാണ് യാഥാർത്ഥ്യം. എന്നാൽ വിചാരിക്കുന്ന രീതിയിൽ സാമ്പത്തിക സ്വാതന്ത്ര്യം വരുമാനമുളള സ്ത്രീക്കുണ്ടോ എന്നു ചോദിച്ചാൽ ഇല്ല എന്നുതന്നെയായിരിക്കും ശരിയുത്തരം. കുടുംബവും കുട്ടികളും ഉദ്യോഗവും സന്തുലിതമായി മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയാതെ വരുമ്പോൾ തൊഴിലിൽ നീക്കുപോക്കുകൾ വരുത്തുവാനായിരിക്കും ഭൂരിഭാഗവും ശ്രമിക്കുക. കഴിവും അറിവും കാര്യക്ഷമതയും ഉണ്ടെങ്കിലും ഉദ്യോഗത്തിൽ വേണ്ടവിധത്തിൽ ശോഭിക്കുവാൻ കഴിയാത്തതിന്റെ കാരണം മറ്റൊന്നല്ല. വരുമാനമുളള സ്ത്രീകളിൽ ചിലരെയെങ്കിലും കുടുംബം സാമ്പത്തികമായി ചൂഷണത്തിന് വിധേയ

# ആഘോഷമായി വനിതാദിനം



ഗ്രാമവികസന കമ്മീഷണറേറ്റിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനം സമുചിതമായി ആഘോഷിച്ചു. സ്വരാജ് ഭവനിൽ നടന്ന വർണാഭമായ ചടങ്ങ് ഗ്രാമവികസന കമ്മീഷണർ എൻ.പത്മകുമാർ ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. "സന്തുലനം അഭിവൃദ്ധിയിലേക്ക്" എന്ന ഇക്കൊല്ലത്തെ വനിതാദിന സന്ദേശം പ്രാവർത്തികമാക്കാൻ എല്ലാവരും ഉണർന്നു പ്രവർത്തിക്കണമെന്ന് അഭിപ്രായപ്പെട്ട അദ്ദേഹം,




പഞ്ചായത്ത് രാജ് സംവിധാനങ്ങൾ, കുടുംബശ്രീ പ്രസ്ഥാനങ്ങൾ എന്നിവയിലൂടെ കേരളത്തിലുണ്ടായ സ്ത്രീ മുന്നേറ്റം കൂടുതൽ കരുത്തുറ്റതാക്കണമെന്ന് ചൂണ്ടിക്കാട്ടി.

ഗ്രാമവികസന വകുപ്പുമായി ബ

രാക്കുന്നുണ്ട് എന്നതും മറച്ച് വയ്ക്കാൻ കഴിയുന്നതല്ല. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ആഗ്രഹിക്കുന്ന പെൺ മനസ്സ് എന്തിനും തയ്യാറാവും എന്ന ബലഹീനതയാണ് മുതലെടുക്കപ്പെടുന്നത്.

പീഡിപ്പിക്കപ്പെട്ട പെണ്ണ് തെറ്റുകാരിയാവുകയും അപമാന ഭയം മൂലം ആത്മഹത്യ ചെയ്യുകയും ചെയ്തിരുന്ന സാഹചര്യത്തിന് അൽപമെങ്കിലും മാറ്റം വന്നിട്ടുണ്ടെന്ന് പറയാം. ഇഷ്ടമല്ലാത്ത പ്രണയത്തെ എതിർത്താൽ ക്രൂരമായി കൊന്നുകളയുക അല്ലെങ്കിൽ ആസിഡ് ആക്രമണം പോലെയുളളവ നടത്തി സൗന്ദര്യത്തെ വികൃതമാക്കുക, അപകീർത്തിപ്പെടുത്തുക തുടങ്ങിയവ, സ്ത്രീ






ന്ധപ്പെട്ടു പ്രവർത്തിക്കുന്ന മൂന്നു വനിതകളെ കാനറാബാങ്ക്, ശാസ്ത മംഗലം ചീഫ് മാനേജർ ലക്ഷ്മി ചടങ്ങിൽ ആദരിച്ചു. മഹിളാ സശാക്തീകരൺ പരിയോജന പദ്ധതിയിൽ പരിശീലനം നേടിയ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിലെ ബീന, വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫറും സഞ്ചാരിയുമായ കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ റസീന, നാൽപതു വർഷമായി സൈക്കിൾ യാത്ര ശീലമാക്കിയ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ഹെഡ് ക്ലർക്ക് രാജി എന്നിവരെയാണ് ആദരിച്ചത്.

പത്മശ്രീ ലക്ഷ്മിക്കുട്ടിയമ്മ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. കാടിന്റെ ജൈവവൈവിധ്യത്തെക്കുറിച്ചും പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വാചാലയായ ലക്ഷ്മിക്കുട്ടിയമ്മ, ഒരു സ്ത്രീ എന്ന നിലയിൽ താൻ പൊരുതി നേടിയ നേട്ടങ്ങളെക്കുറിച്ച് പ്രചോദനാത്മകമായി സംസാരിച്ചു. വനിതാദിനത്തോടനുബന്ധിച്ച് ജീവനക്കാർക്കായി നടത്തിയ പോസ്റ്റർ രചനാമത്സരത്തിലെ വിജയികൾക്ക് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ വിനോദിനി സമ്മാനങ്ങൾ വിതരണം ചെയ്തു.

അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-I വി.എസ്.സന്തോഷ്കുമാർ അദ്ധ്യക്ഷനായ ചടങ്ങിൽ ഡി.സുധ (ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ), അജിത് ദാസ് (സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ), ഗോപൻ (സീനിയർ സൂപ്രണ്ട്) ഷൈനി, ശോഭ (സ്റ്റേറ്റ് കോ-ഓർഡിനേറ്റേഴ്സ്) എന്നിവർ ആശംസകൾ നേർന്നു. റൂറൽ ഇൻഫർമേഷൻ ബ്യൂറോ ചീഫ് ഓഫീസർ അജിതാദാസ് തീംസോംഗ് ആലപിച്ചു. തുടർന്ന് ജീവനക്കാരുടെ വിവിധ കലാപരിപാടികൾ നടന്നു. ഗീതമ്മ (കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്) ചടങ്ങിന് കൃതജ്ഞത രേഖപ്പെടുത്തി.●

ലൈംഗിക അടിമയാണ് എന്ന മനോഭാവത്തിൽ നിന്നും ഉടലെടുക്കുന്ന മനോവൈകൃതങ്ങളാണ്. കൗമാരക്കാരായ പെൺകുട്ടികളെയും കുടുംബിനി കളെപ്പോലും പ്രണയം നടിച്ച് വശീകരിച്ച് ചൂഷണത്തിനും പീഡനത്തിനും വിധേയമാക്കുന്ന പുതിയ തന്ത്രം ഓരോ പെൺകുട്ടിയും സ്ത്രീയും കരുതിയിരിക്കേണ്ടതാണ്. ഇത്തരം വ്യാജ പ്രണയങ്ങൾ ജീവിതത്തിന്റെ ആകെയുള്ള ശോഭ കെടുത്തുമെന്നത് മനഃപാഠമാക്കിയെ മതിയാവൂ. ജീവിതത്തിൽ ചെറിയൊരു പാകപ്പിഴ വന്നുപോയാൽ പുരുഷനെക്കാൾ ഏറെ കുറ്റം ഏൽക്കേണ്ടി വരുന്നതും തകർന്നുപോകുന്നതും സ്ത്രീയുടെ ജീവിതമാണ്. വ്യക്തിവൈരാഗ്യം തീർക്കുന്നതിനായി സ്ത്രീയെ കൂട്ടബലാൽസംഗത്തിന് വിധേയമാക്കുകയും നഗ്നയാക്കി നിരത്തിലൂടെ വലിച്ചിഴയ്ക്കുകയും ചെയ്യുന്ന പ്രാകൃത രീതികൾ നമ്മുടെ രാജ്യത്ത് അരങ്ങേറുന്നതിൽ സ്ത്രീയും പുരുഷനും ഒരുപോലെ ലജ്ജിക്കണം. മദ്യപാനം ശീലമാക്കിയ ഭർത്താവുള്ള കുടുംബിനികൾ നരകജീവി



തമാണ് നയിച്ചുകൊണ്ടിരിക്കുന്നത്. ജീവിതത്തിന് നിറംകെട്ട ഇവരുടെ കുട്ടികളുടെയും കുടുംബത്തിന്റെയും നിലനിൽപ്പുതന്നെ ഒരു ചെറിയ വരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഈ സാഹചര്യങ്ങളെയെ

ല്ലാം അതിജീവിക്കുന്നതിനുവേണ്ടിയായിരിക്കാം തുടർച്ചയായി തൊഴിൽ ലഭിക്കാൻ സ്ത്രീകൾ ഗർഭപാത്രം ഉപേക്ഷിക്കുവാൻ തയ്യാറാകുന്നത്. ആവശ്യം കഴിഞ്ഞാൽ ഉപേക്ഷിക്കേണ്ട ഒന്നായി ഗർഭപാത്രത്തെ കരുതുവാൻ സ്ത്രീയെ പ്രേരിപ്പിക്കുന്നത് ജീവിത അരക്ഷിതത്വമല്ലാതെ മറ്റെന്താണ്?

ആകെ സ്ത്രീകളുടെ 70% വും ഗാർഹിക പീഡനത്തിൽ വിധേയമാകുന്നു എന്നതും സ്വന്തം കുടുംബത്തിൽ നിന്നുമാണ് അത് നേരിടേണ്ടിവരുന്നത് എന്നതും ഏറ്റവും വലിയ വെല്ലുവിളിയാണ്. പെൺകുഞ്ഞുങ്ങളെ ലൈംഗിക പീഡനത്തിന് വിധേയമാക്കുന്നതിൽ കുടുംബാംഗങ്ങളും ബന്ധുക്കളും അയൽപക്കക്കാരും അദ്ധ്യാപകരുമൊക്കെ ഉണ്ടെന്നുള്ള വിവരങ്ങൾ അതി സൂക്ഷ്മമായി വിലയിരുത്തണം. ബന്ധങ്ങളിൽ മൂല്യച്യുതി വന്ന് ചേർന്നിട്ടുണ്ട് എന്ന് ബോധപൂർവ്വം അറിയണം. ഓരോ സ്ത്രീയ്ക്കും കാവലാൾ എല്ലാ സ്ത്രീകളുമായിരിക്കണം എന്ന സത്യം വിസ്മരിക്കുകയും ധനമോഹവും സ്വാർത്ഥതാൽപര്യങ്ങളും സ്ത്രീകളിൽ ഉടലെടുക്കുകയും ചെയ്യുമ്പോൾ ഒരു സ്ത്രീക്കുപോലും സുരക്ഷിതത്വം ഇല്ല എന്നുള്ളത് ആരും വിസ്മരിക്കാൻ പാടില്ല. ശൗചാലയങ്ങൾ ഇല്ലാത്തതിനാൽ പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കാൻ പോയ കൊച്ചു പെൺകുട്ടികളെ കുറ്റിക്കാട്ടിൽ ഒളിച്ചിരുന്ന് അതിക്രമത്തിന് വിധേയമാക്കി കൊന്നുകളഞ്ഞ രാജ്യത്ത് ഏതൊരു പ്രായത്തിലുള്ള സ്ത്രീയും സുരക്ഷിതയല്ല. മൂല്യച്യുതി യുവാക്കളുടെ ഇടയിൽ വർദ്ധിച്ച് വരുന്നത് മൂലം പ്രായമായ അമ്മൂമ്മമാർ പോലും പീഡിപ്പിക്കപ്പെടുന്നു.

ആദിവാസി വിഭാഗങ്ങളുടെ സ്ഥിതി തികച്ചും ആശങ്കാജനകമാണ്. അവരുടെ കൊടിയ ദാരിദ്ര്യവും തൊഴിലില്ലായ്മയും പുരുഷൻമാരുടെ മദ്യപാനവുമാണ് പെൺകുട്ടികളെ ചതിക്കുഴിയിലെത്തിക്കുന്നത്. ചൂഷണമാണെന്നും പീഡനമാണെന്നും അറിയാൻ പോലും കഴിയാത്ത പ്രായത്തിൽ അകപ്പെട്ടുപോയ പെൺകുട്ടികളുടെ ജീവിതം ഇരുളടഞ്ഞുതന്നെ കിടക്കും. ഒരിക്കൽപെട്ടുപോയാൽ 'പിഴച്ചവൾ" എന്ന് മുദ്രകുത്തപ്പെടും. വേനൽ ചൂടിന്റെ രൂക്ഷതയും ജലദൗർലഭ്യവും ഗ്രാമീണസ്ത്രീകളെ ഒട്ടൊന്നുമല്ല ബുദ്ധിമുട്ടിക്കുന്നത്. കൊടുംചൂടിൽ വിറകു ശേഖരിച്ച് തലച്ചുമടായി വീട്ടിലെത്തിക്കുക, ദൂരേക്ക് വെള്ളം ശേഖരിക്കാൻ പോയി കലങ്ങളിൽ കോരി തലയിലേന്തി എല്ലാ കുടുംബാംഗങ്ങളുടെയും ജല ആവശ്യങ്ങൾ നിറവേറ്റുക, അന്നന്നത്തെ അന്നത്തിനായി പൊരിവെയിലിൽ പണിയെടുക്കുക, മൃഗങ്ങൾക്കായി ജലം ശേഖരിക്കുക തുടങ്ങിവയെല്ലാം ഗ്രാമീണ കാഴ്ചകളാണിപ്പോൾ. സുരക്ഷിതത്വ ബോധം ഉണ്ടായാൽ ഈ ലോകം തന്നെ മാറ്റി മറിക്കാൻ തക്ക മനഃക്കരുത്ത് ഓരോ സ്ത്രീക്കുമുണ്ട്. എന്നാൽ കാലത്തിന്റെ ദൗർഭാഗ്യമെന്നോണം ഇന്ന് സ്ത്രീ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി സുരക്ഷിതത്വമില്ലായ്മയാണ്. ആക്രമിക്കപ്പെടുമോ എന്ന ഭയം പ്രായഭേദമെന്യേ അറിയാതെ അലട്ടിക്കൊണ്ടേയിരിക്കും. ഏതൊരു സ്ത്രീയും പുരുഷന്റെ തണലിലും സംരക്ഷണത്തിലും കഴിയുവാൻ ആഗ്രഹിക്കപ്പെടുന്നുണ്ട്. സംരക്ഷണം മുള്ളുവേലിക്കെട്ടുകൾ കൊണ്ടാകുമ്പോൾ മാത്രമാണ് മുറിച്ചു നീക്കുവാൻ ശ്രമിക്കുന്നത്.●

*വനിതാ ശിശു വികസന ത്തിന്റെ സംസ്ഥാന കോർഡിനേറ്ററാണ് ലേഖിക*



ചിത്രം: വിൻസെന്റ് പീറ്റർ



ചിത്രം: വിൻസെന്റ് പീറ്റർ

**തൊഴിലെടുക്കുന്ന സ്ത്രീകൾ സമ്പാദിക്കുന്നു എന്നതൊഴിച്ചാൽ മാനസിക ശാരീരിക സമ്മർദ്ദങ്ങൾക്ക് വിധേയരാണ്. രോഗാതുരത കൂടുതലും കാണപ്പെടുന്നത് ഇക്കൂട്ടരിലാണെന്നതാണ് യാഥാർത്ഥ്യം. എന്നാൽ വിചാരിക്കുന്ന രീതിയിൽ സാമ്പത്തിക സ്വാതന്ത്ര്യം വരുമാനമുള്ള സ്ത്രീക്കുണ്ടോ എന്നു ചോദിച്ചാൽ ഇല്ല എന്നുതന്നെയായിരിക്കും ശരിയുത്തരം.**



# തീണ്ടാരി

**മുജീബ് റഹ്മാൻ കരുളായി**

പെണ്ണായ് പിറന്നതും,
തീണ്ടാരിയായതും
അമ്മയായുൽകൃഷ്ട-
യാകുവാനല്ലയോ. ?

അവളൊന്നുകേറുകി-
ലശുദ്ധമായീടുമോ,
അമ്പലം, പള്ളികൾ
ചർച്ചിന്റെയുൾത്തടം?

നാരി ദർശിക്കുകിൽ
ചാണകം കുടയുവാൻ
അത്രയ്ക്കു നീചമോ
പെണ്ണുടൽ ദൈവമേ. ?

ഋതുമതിയാവാതെ-
യമ്മയായീടുമോ,
വസന്തഋതു തീണ്ടാതെ
പൂക്കൾ ചിരിക്കുമോ. ?

അമ്മതന്നാർത്തവ-
പ്പെയ്ത്തിൽ മുളച്ചവർ
തീണ്ടാരി പാപമെ-
ന്നോതുന്നതെങ്ങനെ. ?

രജസ്വലയില്ലെങ്കിൽ
ഭൂമിയുണ്ടാവുമോ,
ആർത്തവമില്ലെങ്കിൽ
പിറവിയുണ്ടാകുമോ... ?

പറയുക മർത്ത്യരേ,
ഈശ്വര സന്നിധിയി-
ലെങ്ങനെ നിന്ദ്യരായ്
തീരുന്നു നാരിമാർ. ?


അവൾ കീഴടക്കിയി-
ന്നെവറസ്റ്റിനുന്നതി,
അവൾ കീഴക്കിയി-
ന്നാഴിതൻ നീലിമ.

എങ്കിലും ദൈവമേ,
നിന്നുടെ തിരുമുമ്പി-
ലെങ്ങനെ നീചരായ്
തീരുന്നു നാരിമാർ ?

ഇരുളിന്റെ ശക്തികൾ
ചെയ്തോരു പാതകം
നിന്നിലാരോപിക്കുവാ-
നാവില്ലൊരിക്കലും.

മാറുക പെണ്ണിന്റെ
വഴികൾ മുടക്കാതെ
മാറുക ദൂരേയ്ക്കി-
രുളിന്റെ മക്കളേ.

ഇല്ല തോൽപ്പിക്കുവാൻ
നിങ്ങൾക്ക് പെണ്ണിനെ,
ഇല്ല ചെറുക്കുവാ-
നവളുടെ മുന്നേറ്റം.!



# ഒരു പിടി ഉപ്പ്

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ
ദിശാഗതി മാറ്റിയ ദണ്ഡി മാർച്ച്
1930 മാർച്ച് 12– 1930 ഏപ്രിൽ 6
(24 ദിവസം 390 കി.മീ./240 മൈൽ)
ചരിത്രത്തിലേയ്ക്കൊരു
തിരിഞ്ഞുനോട്ടം

> "തരിമ്പും ഭയമില്ലാതാബാലവൃദ്ധം ജന –
> മിരമ്പിക്കൂടി മൂന്നു സാഗരക്കരകളിൽ
> ലവണം വിളയിക്കാൻ പാത്രങ്ങൾ പേറിക്കൊണ്ടു
> ഹവനം നടത്തുന്ന കാഴ്ചയേ കാണാനുള്ളൂ".
>
> – മഹാകവി പാലാ

**അജിത് വെണ്ണിയൂർ**

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിലെ വേറിട്ട ഒരധ്യായമാണ് മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന ദണ്ഡിയാത്രയും ഉപ്പ് സത്യാഗ്രവും.

ബ്രിട്ടനെതിരേയുള്ള ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിയുടെ പ്രധാന തന്ത്രമായിരുന്നു സിവിൽ നിസ്സഹകരണം; അതിന്റെ മുഖ്യ ആയുധം സത്യാഗ്രവും. 1930കളിൽ സമരത്തിന്റെ രീതിയെ ഉടച്ചുവാർക്കാൻ ഇന്ത്യന് നാഷണൽ കോൺഗ്രസ്സ്, ഗാന്ധിയെ ചുമതലപ്പെടുത്തി. അതിന്റെ ഭാഗമായാണ് 1882 ലെ ബ്രിട്ടീഷ് സാൾട്ട് ആക്ടിനെ മുഖ്യ ഉപാധിയാക്കി ഗാന്ധിജി ഉപ്പുസത്യാഗ്രഹം എന്ന പുതിയ സമരമാർഗം കണ്ടെത്തിയത്.

1882-ലെ സാൾട്ട് ആക്റ്റ് പ്രകാരം ബ്രിട്ടീഷ് ഇന്ത്യയിൽ ഉപ്പിന്റെ കുത്തക അവകാശം ഗവണ്മെന്റ് ഏറ്റെടുത്തിരുന്നു. ബ്രിട്ടീഷ് സർക്കാർ ഉപ്പിനും നികുതി ചുമത്തി. ബ്രിട്ടീഷുകാരുടെ കയറ്റുമതി വ്യാപാരത്തെ പ്രോത്സാഹിപ്പിക്കാനുള്ള ഈ നിയമം ഇന്ത്യക്കാരെ ബാധിച്ചു. ഉപ്പ് ഉൽപ്പാദനവുമായി ബന്ധപ്പെട്ട ഗുജറാത്തിലെ ഗ്രാമങ്ങൾ ഈ നിയമം മൂലം കൊടിയ ദുരിതം ഏറ്റുവാങ്ങി. ഇതിനെതിരെ ഗാന്ധിജിയുടെ നേതൃത്വത്തിൽ സമരമാരംഭിച്ചു.

സബർമതി ആശ്രമത്തിൽ നിന്ന് ഗാന്ധിജി സന്നദ്ധപ്രവർത്തകരോടൊപ്പം 1930 മാർച്ച് 12- നാണ് ദണ്ഡിയിലേക്ക് യാത്ര തിരിച്ചത്. ഗുജറാത്തിലെ വല്സാതദ് ജില്ലയിൽ നവസരി പട്ടണത്തിന്റെ ഭാഗമായിരുന്നു തീരപ്രദേശമായ ദണ്ഡി എന്ന ചെറിയ ഗ്രാമം. സബർമതി ആശ്രമത്തിൽ നിന്ന് 390 കിലോമീറ്റര് ദൂരമുള്ള ദണ്ഡിയിലേക്ക് കാൽനടയായാണ് ഗാന്ധിജിയും സംഘവും യാത്ര തിരിച്ചത്. ഏപ്രിൽ അഞ്ചിന് ഗാ





ന്ധിജിയും സംഘവും ദണ്ഡിയിൽ എത്തിച്ചേർന്നു. ഉപ്പ് സത്യഗ്രഹം നടത്തിയതിന്റെ ഒരു സ്മാരകം അവിടെയുണ്ട്.

ഉപ്പ് സത്യാഗ്രഹം എന്ന രീതി ഗാന്ധിജി അവതരിപ്പിച്ചപ്പോൾതന്നെ അതിന്റെ വിജയത്തെക്കുറിച്ച് കോൺഗ്രസ് പ്രവർത്തകസമിതിയിലുള്ള ജവഹർലാൽ നെഹ്രു ഉൾപ്പെടെയുള്ള നേതാക്കൾക്ക് സംശയമുണ്ടായിരുന്നു. ഉപ്പ് നികുതി വിഷയത്തേക്കാൾ നല്ലത് ഭൂനികുതി ബഹിഷ്കരണം ആയിരിക്കുമെന്ന് സർദ്ദാർ വല്ലഭായ് പട്ടേൽ അഭിപ്രായപ്പെട്ടു. ‘ചിരിക്കാതിരിക്കാൻ കഴിയുന്നില്ല’ എന്നാണ് ഈ തീരുമാനത്തെക്കുറിച്ച് സ്റ്റേറ്റ്സ്മാൻ പത്രം മുഖപ്രസംഗമെഴുതിയത്.

ഇപ്പോൾ ഉപ്പിനാണ് അവർ നികുതി ഏർപ്പെടുത്തിയിരിക്കുന്നത്, നാളെ അത് വായുവിനും ആകാശ

## ഉപ്പു സത്യാഗ്രഹം-ഒറ്റനോട്ടത്തിൽ >>>

- ദണ്ഡിയാത്ര: മാർച്ച് 12 ന് സബർമതി ആശ്രമത്തിൽ നിന്നും ദണ്ഡി കടപ്പുറത്തേക്ക്
- ഗാന്ധിജിയെ അനുഗമിച്ച അനുയായികൾ-78
- ഗാന്ധിജിയെ അനുഗമിച്ച മലയാളികൾ - സി.കൃഷ്ണൻ നായർ, ടൈറ്റസ്, രാഘവപൊതുവാൾ, ശങ്കർജി, തപൻ നായർ
- ദണ്ഡി മാർച്ചിൽ ഗാന്ധിജിയും അനുയായികളും ആലപിച്ച ഗാനം- ‘രഘുപതി രാഘവ രാജാറാം‘
- ദണ്ഡി കടപ്പുറത്ത് എത്തിച്ചേർന്നത്: 1930 ഏപ്രിൽ 6 (24 ദിവസം 390 കി.മീ. / 240 മൈൽ)
- ഗാന്ധിജിയുടെ അറസ്റ്റിനുശേഷം ഉപ്പ് സത്യാഗ്രഹത്തിന്റെ നേതൃത്വം ഏറ്റെടുത്ത വ്യക്തി - ‘അബ്ബാസ് തിയാബ്ജി‘
- ദർസനയിലെ സത്യാഗ്രഹ സമരത്തെ ആധാരമാക്കി ചങ്ങമ്പുഴ രചിച്ച കാവ്യം: ‘വീര വൈരാഗ്യം അഥവാ ദർസനയിലെ ധർമ്മഭടൻ‘
- തമിഴ് നാട്ടിലെ വേദാരണ്യത്തിൽ ഉപ്പ് സത്യാഗ്രഹത്തിന് നേതൃത്വം നല്കിയത് -സി.രാജഗോപാലാചാരി
- ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിലിലിലടയ്ക്കപ്പെട്ട ആദ്യവനിത - രുക്മിണി ലക്ഷ്മിപതി (വേദാരണ്യം)



ത്തിനുമായേക്കാം. അതുകൊണ്ടു തന്നെ ഇതായിരിക്കണം സമരത്തിന്റെ കേന്ദ്രബിന്ദുവെന്ന് ഗാന്ധിജി അസന്നിഗ്ധമായി പ്രഖ്യാപിച്ചു.

1930 മാർച്ച് 12-ന് ഗാന്ധിജിയും 78 സന്നദ്ധപ്രവർത്തകരും സബർമതി ആശ്രമത്തിൽനിന്ന് 390 കിലോമീറ്റർ അകലെയുള്ള ദണ്ഡി എന്ന തീരപ്രദേശത്തേക്ക് കാൽനടയായി യാത്രയാരംഭിച്ചു. ആദ്യദിവസം തന്നെ 21 കിലോമീറ്റർ നടന്നു.

യാത്ര കടന്നുപോയയിടങ്ങളിൽ നിന്നെല്ലാം ധാരാളം പ്രവർത്തകർ ജാഥയിൽ അണിചേർന്നു. ചിലയിടങ്ങളിൽ ജാഥയ്ക്ക് കിലോമീറ്ററുകൾ നീളമുണ്ടായി. "കൈയൂക്കിനെതിരേയുള്ള ഈ സമരത്തിൽ എനിക്ക് ലോകത്തിന്റെ അനുകമ്പ ആവശ്യമുണ്ടെ"ന്ന് ഗാന്ധിജി യാത്രയ്ക്കിടെ അഭ്യർത്ഥിച്ചു. എന്നാൽ അനുകമ്പ ആവേശമായി യാത്രയിലുടനീളം പ്രവഹിക്കുകയായിരുന്നു.

ദണ്ഡി കടപ്പുറത്തു നിയമലംഘനം നടത്തി ഉപ്പുവാരിയെടുത്ത വലംകൈ ആകാശത്തേക്ക് ഉയർത്തിപ്പിടിച്ചുകൊണ്ട് ഗാന്ധിജി നടത്തിയ പ്രഖ്യാപനം രാഷ്ട്രത്തെയാകെ പ്രകമ്പനം കൊള്ളിച്ചു.: "അഹിംസാവ്രതക്കാരനായ സത്യാഗ്രഹിയുടെ കൈമുഷ്ടിക്കുള്ളിലെ ഈ ഒരു പിടി ഉപ്പ് ശക്തിയുടെ പ്രതീകമാണ്. ഉപ്പ് പിടിച്ചിരിക്കുന്ന ഈ മുഷ്ടി തകർത്തേയ്ക്കാം. എന്നിരുന്നാലും ഇത് - ഈ ഉപ്പു വിട്ടുകൊടുക്കുകയില്ല."

സത്യഗ്രഹം ആരംഭിച്ച് ഏറെ കഴിയുംമുമ്പുതന്നെ ബ്രിട്ടീഷ് സർക്കാർ ഗാന്ധിജിയെ അറസ്റ്റ് ചെയ്തു. സൂറത്ത് ജില്ലയിലെ ദർസനയിലുള്ള ഉപ്പ് പണ്ടകശാല സമാധാനപരമായി ഉപരോധിക്കാൻ ശ്രമിച്ചപ്പോഴാണ് ഗാന്ധിജി അറസ്റ്റ് ചെയ്യപ്പെട്ടത് എന്നാൽ ഇത് സമരം വ്യാപിപ്പിക്കാനേ ഉപകരിച്ചുള്ളൂ. രണ്ടാം വട്ടമേശ സമ്മേളന ഉടമ്പടിപ്രകാരം ഗാന്ധിജിയെ ജയിലിൽനിന്ന് വിട്ടയക്കുന്നതുവരെ ഇന്ത്യയിലങ്ങോളമിങ്ങോളം ഉപ്പുസത്യാഗ്രഹം നടന്നു. ഭാരതത്തിന്റെ നീണ്ട കടലോരങ്ങൾ പടക്കളങ്ങളായി മാറിയ കാഴ്ച വിദേശിയരെയും വിസ്മയിപ്പിച്ചു. 'അക്രമരഹിത വിപ്ലവം നീണാൾ വാഴട്ടെ' എന്ന ബാനറുകളുമായി ഗ്രാമഗ്രാമാന്തരങ്ങളിലും നഗരങ്ങളിലും പട്ടണങ്ങളിലും പ്രായഭേദമന്യെ ജനലക്ഷങ്ങൾ പ്രക്ഷോഭ പരിപാടികളിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. 1931-ൽ ഗാന്ധി-ഇർവിൻ സന്ധിയിലെ വ്യവസ്ഥകൾ അനുസരിച്ച് ഉപ്പുണ്ടാക്കാനുള്ള അധികാരം ജനങ്ങൾക്ക് തിരികെക്കി

> ഉപ്പ് നികുതി വിഷയത്തേക്കാൾ നല്ലത് ഭൂനികുതി ബഹിഷ്കരണം ആയിരിക്കുമെന്ന് സർദ്ദാർ വല്ലഭായ് പട്ടേൽ അഭിപ്രായപ്പെട്ടു. 'ചിരിക്കാതിരിക്കാൻ കഴിയുന്നില്ല' എന്നാണ് ഈ തീരുമാനത്തെക്കുറിച്ച് സ്റ്റേറ്റ്സ്മാൻ പത്രം മുഖപ്രസംഗമെഴുതിയത്.

>>>

- ഇന്ത്യയുടെ വടക്ക് പടിഞ്ഞാറ് അതിർത്തി പ്രവിശ്യയിൽ നിയമ ലംഘന സമരത്തിന് നേതൃത്വം നല്കിയത് -ഖാൻ അബ്ദുൾ ഗാഫർ ഖാൻ
- ഇന്ത്യയിലെ കിഴക്കൻ സംസ്ഥാനങ്ങളിൽ സിവിൽ നിയമ ലംഘന പ്രസ്ഥാനത്തിന് നേതൃത്വം നല്കിയത് -റാണി ഗെയ്ഡിൻലിയു
- കേരളത്തിലെ ഉപ്പ് സത്യാഗ്രഹ കേന്ദ്രങ്ങൾ- പയ്യന്നൂർ, ബേപ്പൂർ (പയ്യന്നൂരിലെ ഉപ്പ് സത്യാഗ്രഹ നേതാവ് - കെ. കേളപ്പൻ)
- ബേപ്പൂരിൽ ഉപ്പ് സത്യാഗ്രഹം നയിച്ചത് - മുഹമ്മദ് അബ്ദുൾ റഹ്മാൻ
- കേരളത്തിലെ ഉപ്പ് സത്യാഗ്രഹ ഗാനം: 'വരിക വരിക സഹജരേ...'
- വരിക വരിക സഹജരേ എന്ന ഗാനം രചിച്ച കവി- അംശി നാരായണപിള്ള
- ദണ്ഡി മാർച്ചിനെ 'ചായക്കോപ്പയിലെ കൊടുങ്കാറ്റ്' എന്ന് വിശേഷിപ്പിച്ചത് -ഇർവിൻ പ്രഭു
- 'എൽബയിൽ നിന്നും നെപ്പോളിയന്റെ പാരീസിലേക്കുള്ള മടക്കം' എന്ന് ദണ്ഡിയാത്രയെ വിശേഷിപ്പിച്ചത് -സുഭാഷ് ചന്ദ്രബോസ്
- 'ശ്രീരാമന്റെ ലങ്കയിലേക്കുള്ള യാത്ര' എന്ന് ദണ്ഡി മാർച്ചിനെ വിശേഷിപ്പിച്ചത് -മോത്തിലാൽ നെഹ്റു

ട്ടി.. അതോടെയാണ് സത്യഗ്രഹം പിൻവലിച്ചത്. ഗാന്ധിജിയെ ജയിലിൽ നിന്നും വിട്ടയക്കുന്നതു വരെ സമരം തുടർന്നു. ഉപ്പു സത്യാഗ്രഹവുമായി ബന്ധപ്പെട്ട് മാത്രം അക്കാലത്ത് എൺപതിനായിരത്തോളം പ്രവർത്തകർ ജയിലിലായി.

കേരളവും ഈ പ്രക്ഷോഭത്തിൽ ആവേശത്തോടെ പങ്കെടുത്തു. കേരളത്തിലെ ആദ്യ ഉപ്പുകുറുക്കൽ സമരം നടന്നത് പയ്യന്നൂർ കടപ്പുറത്തായിരുന്നു. 1930 ഏപ്രിൽ 13-ന് കേളപ്പജിയുടെ നേതൃത്വത്തിൽ കോഴിക്കോട്ടു നിന്ന് തിരിച്ച സംഘം ഏപ്രിൽ 23-ന് പയ്യന്നൂർ കടപ്പുറത്തെത്തി ഉപ്പുകുറുക്കൽ ആരംഭിച്ചു. തുടർന്ന് കോഴിക്കോട്ടും വടകരയിലുമൊക്കെ ഉപ്പുസത്യഗ്രഹം നടന്നു. ജൂൺ എട്ടിന് സമസ്തകേരള ഉപ്പുദിനമായി മലബാറിന്റെ നാനാഭാഗങ്ങളിൽ കൊണ്ടാടി.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനെക്കുറിച്ച് ബ്രിട്ടന്റെ നിലപാടുകൾക്ക് ഏറെ മാറ്റംവരുത്താൻ ഈ സത്യാഗ്രഹം ഇടയാക്കി. ഉപ്പു സത്യാഗ്രഹത്തിന്റെ ജനപ്രീതി, സാധാരണക്കാരായ കൂടുതൽ ജനങ്ങളെ ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലേക്ക് ആകർഷിച്ചു.

വിശ്വവിഖ്യാത പത്രപ്രവർത്തകനും ഗാന്ധിജിയുടെ ജീവചരിത്രകാരനുമായ ലൂയിഫിഷർ ദണ്ഡിയാത്രയെക്കുറിച്ചു നടത്തിയ അപഗ്രഥനം ശ്രദ്ധേയമാണ്:

"രാഷ്ട്രത്തിന് ഒരടയാളം നല്കുന്നുവെന്ന് ഉദ്ഘോഷിച്ചു ഉൾനാടൻ ഗ്രാമങ്ങളിലൂടെ 24 ദിവസം കാല്നടയായി സഞ്ചരിക്കാനും ഒരു പിടി ഉപ്പു വാരി പ്രബലമായ ബ്രിട്ടീഷ് ഭരണകൂടത്തെ പരസ്യമായി ധിക്കരിച്ചു നിയമലംഘനം നടത്താനും അതിലൂടെ സമസ്തഭാരതത്തിന്റെയും ശ്രദ്ധാകേന്ദ്രമായിത്തീരാനും തികഞ്ഞ ഭാവനയും ഉന്നത കലാകാരന്റെ പ്രദർശന പാടവവും അനിവാര്യമാണ്. ചില അവസരങ്ങളിലെങ്കിലും പ്രതിയോഗിയായി മാറിയ സുഭാഷ് ചന്ദ്രബോസിനെപ്പോലെ അനുഭവസമ്പന്നനായ വിമർശകന്റെയും നിരക്ഷരനായ കർഷകന്റെയും ഹൃദയങ്ങളെ ഒരുപോലെ ആകർഷിക്കാൻ കഴിഞ്ഞതാണ് ഗാന്ധിജിയുടെ പ്രവർത്തനങ്ങളെ ശ്രദ്ധേയമാക്കിയ ഒരു ഘടകം."

എല്ബാ ദ്വീപില് നിന്നു മടങ്ങിയെത്തിയ നെപ്പോളിയന് പാരീസിലേക്ക് നടത്തിയ സൈനിക മുന്നേറ്റത്തോടാണ് ഗാന്ധിയുടെ ദണ്ഡിയാത്രയെ സുഭാഷ് ചന്ദ്രബോസ് ഉപമിച്ചത്

ദണ്ഡിയാത്രയിൽ നിന്ന് ആവേശം ഉൾക്കൊണ്ട മാർട്ടിൻ ലൂഥർ കിംഗ് തന്റെ ഐതിഹാസിക സമരമുറകൾ രൂപകല്പന ചെയ്തപ്പോൾ ഗാന്ധിയൻ സമരമുറകൾ അദ്ദേഹത്തെ വളരെയേറെ സ്വാധീനിച്ചിരുന്നു. പൗരാവകാശധ്വംസനത്തിനെതിരെ വാഷിംഗ്ടണിലേക്ക് മാർട്ടിന് ലൂഥർ കിംഗ് ജൂനിയർ നടത്തിയ മാർച്ചിനെ മറ്റൊരു ദണ്ഡിയാത്രയായിട്ടാണ് അന്താരാഷ്ട്ര സമൂഹം കണ്ടത്.●

## ഉപ്പു സത്യാഗ്രഹം-ഒറ്റനോട്ടത്തിൽ >>>

- ഉപ്പ് സത്യാഗ്രഹം അവസാനിച്ച സന്ധി: 'ഗാന്ധി-ഇർവിൻ സന്ധി' (1931 മാർച്ച് 5)
- ഉപ്പ് വളരെ പെട്ടെന്ന് പ്രാധാന്യമേറിയ ഒരു വാക്കായി മാറിയിരിക്കുന്നു എന്ന് പ്രസ്താവിച്ചത് -ജവാഹർലാൽ നെഹ്റു
- തമിഴ്നാട്ടിൽ വേദാരണ്യം കടപ്പുറത്ത് ഉപ്പുസത്യാഗ്രഹത്തിന് നേതൃത്വം നൽകിയത് - സി രാജഗോപാലാചാരി
- കേരളത്തിൽ കോഴിക്കോട് നിന്നും പയ്യന്നൂരിലേക്ക് മാർച്ച് നടത്തിയ നേതാവ് - കെ കേളപ്പൻ
- കേരളത്തിൽ പാലക്കാട് നിന്നും പയ്യന്നൂരിലേക്ക് മാർച്ച് നടത്തിയ നേതാവ് ടി.ആർ കൃഷ്ണസ്വാമി അയ്യർ
- ബേപ്പൂർ കടപ്പുറത്ത് ഉപ്പുസത്യാഗ്രഹത്തിന് നേതൃത്വം നൽകിയ നേതാവ് - മുഹമ്മദ് അബ്ദുൽ റഹ്മാൻ
- അബ്ബാസ് തിയാബ്ജിയുടെ അറസ്റ്റിനു ശേഷം ഉപ്പുസത്യാഗ്രഹത്തിന് നേതൃത്വം നൽകിയ നേതാവ് - സരോജിനി നായിഡു
- ഉപ്പുസത്യാഗ്രഹത്തെ ഗാന്ധിജി വിശേഷിപ്പിച്ചത് - ദരിദ്രന്റെ പോരാട്ടം
- കേരളത്തിലെ ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്ത പ്രമുഖർ
  - കെ കേളപ്പൻ (കേരള ഗാന്ധി)
  - പി കൃഷ്ണപിള്ള
  - കെ കുഞ്ഞമ്പു നമ്പ്യാർ
  - പി. കേശവൻ നമ്പ്യാർ
  - കുഞ്ഞിരാമൻ അടിയോടി
  - മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്
  - മൊയ്തുമൗലവി
  - മൊയാരത്ത് ശങ്കരൻ
- 1930 ഏപ്രിൽ 21ന് പയ്യന്നൂരിൽ എത്തിച്ചേർന്ന കെ കേളപ്പൻ സംഘത്തെയും അഭിസംബോധന ചെയ്ത് സംസാരിച്ചത് - കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്
- കേരളത്തിൽ ഉപ്പ് സത്യാഗ്രഹത്തിന്റെ പൈലറ്റ് എന്നറിയപ്പെടുന്ന വ്യക്തി- മൊയ്യാരത്ത് ശങ്കരൻ
- ഉപ്പു സത്യാഗ്രഹത്തിന്റെ രണ്ടാമത്തെ വേദി- കോഴിക്കോട്
- മലബാറിൽ നടന്ന ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുത്ത തിരുവിതാംകൂറുകാർ
  - പി കൃഷ്ണപിള്ള
  - എൻ.പി കുരുക്കൾ
  - പൊന്നറ ശ്രീധർ
  - കെ കുമാർ



# കേരള മാതൃകയും പഞ്ചായത്ത് രാജ് സംവിധാനങ്ങളും

ടി. ഷാഹുൽ ഹമീദ്

**വൈവിധ്യങ്ങളെയും, വ്യത്യസ്ത ആശയങ്ങളെയും ഏകോപിപ്പിച്ച് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ "ഭരണസമിതി" അംഗങ്ങളായി പ്രവർത്തിച്ചതിന്റെയും കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥർ അതിനു പിന്തുണ നൽകിയതിന്റെയും മികവിലാണ് കേരളീയ വികസന മാതൃക സൃഷ്ടിക്കപ്പെട്ടത്.**

ലോകരാഷ്ട്രങ്ങൾക്ക് മുമ്പിൽ പുതിയ വികസന മാതൃക സൃഷ്ടിക്കുവാൻ കേരളത്തിന് സാധിച്ചു. വിദ്യാഭ്യാസം, ആരോഗ്യം, മനുഷ്യവിഭവശേഷി, ആളോഹരി വരുമാനം എന്നിവയിൽ വികസിത രാജ്യങ്ങൾക്കൊപ്പമാണ് കേരളത്തിന്റെ സ്ഥാനം. 1970 കാലഘട്ടത്തിൽ രാജ്യത്തിന്റെ പുരോഗതി നിർണ്ണയിക്കുന്നത് ജി.ഡി.പി എന്ന ഒറ്റ അളവ് കോൽ മാത്രമായിരുന്നു. എന്നാൽ വരുമാനത്തോടൊപ്പം മറ്റ് മനുഷ്യജീവിതവുമായി ബന്ധപ്പെട്ട അളവ് കോലുകൾ കൂടി പരിഗണിച്ചുള്ള വികസന പരിപ്രേക്ഷ്യമാണ് കേരളം മു

ന്നോട്ടു വെച്ചത്. പ്രശസ്ത സാമ്പത്തിക വിദഗ്ധൻ ഡോ.കെ.എൻ. രാജ്, അമർത്യാസെൻ എന്നിവരുടെ ആശയങ്ങൾ കേരളത്തിന് പ്രചോദനമേകി. 1990ൽ പാകിസ്ഥാനി സാമ്പത്തിക ശാസ്ത്രജ്ഞൻ മഹബൂബ്ബൂൽ ഹക്ക്, ഓരോ പൗരന്റെയും വികസനത്തെ രാജ്യ പുരോഗതിയുടെ അളവ് കോലാക്കി പരിഗണിക്കണമെന്ന ആശയം മുന്നോട്ടുവച്ചു. ഈ ആശയത്തെ പിൻപറ്റി വരുമാനത്തോടൊപ്പം ജനങ്ങളുടെ ജീവിത നിലവാരവും പുരോഗതിയും വികസനത്തിന്റെ അളവ് കോലായി നിശ്ചയിച്ച കേരളത്തിന്റെ കാഴ്ചപ്പാട് ലോകരാജ്യങ്ങൾക്കിടയിൽ ശ്രദ്ധിക്കപ്പെട്ട് കേരളീയ മാതൃകയായി പരിണമിച്ചു.

## എന്താണ് കേരള മാതൃക

വികസനത്തെ സാധാരണയായി അളക്കുന്നത് വരുമാനത്തിന്റെയും വരുമാനേതര പ്രവർത്തനങ്ങളുടേയും അടിസ്ഥാനത്തിലാണ്. വികസനത്തിന്റെ പ്രധാനമായ ഘടകങ്ങളായി നിശ്ചയിച്ചിട്ടുള്ളത് ആരേഗ്യം, വിദ്യാഭ്യാസം, ആളോഹരി വരുമാനം എന്നിവയാണ്. രാജ്യത്തിലെ ഓരോ പൗരനും നല്ല ജീവിത നിലവാരം ഉണ്ടാക്കുക എന്ന വികസന കാഴ്ചപ്പാടാണ് കേരളം മുന്നോട്ട് വെച്ചത്. സാർവ്വത്രിക വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുവാനും ഉയർന്ന ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും കേരളത്തിന് സാധിച്ചു. ആരോഗ്യ രംഗത്ത്, ഗർഭാവസ്ഥയിലെ ഭ്രൂണത്തിന്റെ ആരോഗ്യ സ്ഥിതി മുതൽ മരണം വരെയുള്ള മനുഷ്യ ജീവിതാവസ്ഥയെ പരിഗണിച്ചുള്ള ആരോഗ്യ പ്രവർത്തനമാണ് കേരളം മുന്നോട്ട് വെച്ചത്. ഉയർന്ന ജീവിത നിലവാരം, ജീവിത ദൈർഘ്യം. കുറഞ്ഞ ജനനനിരക്ക്, ജനനാവസ്ഥയിലെ കുട്ടികളുടെ മരണനിരക്കിലെ കുറവ് എന്നിവയിൽ കേരളം അത്ഭുതം സൃഷ്ടിച്ചു. അമേരിക്കക്കാരന്റെ ജീവിതദൈർഘ്യത്തോടൊപ്പം കേരളീയർ എത്തി എന്നത് ഓരോ കേരളീയനും അഭിമാനിക്കാം (അമേരിക്കയിൽ 76 വയസ്സാണ് ജീവിതദൈർഘ്യം കേരളത്തിൽ 72 വയസ്സാണ് പുരുഷൻമാരുടേത്, 77 വയസ്സാണ് സ്ത്രീകളുടേത്).

ഉയർന്ന തലത്തിലുള്ള രാഷ്ട്രീയ ബോധം, പൗരധർമ്മം പ്രകടിപ്പിക്കുവാനുള്ള ചങ്കൂറ്റം, പൊതുധാരയിൽ ലയിക്കാനുള്ള മികച്ച പൊതുബോധം എന്നിവ കേരളത്തിന് പുതിയ വികസന മാതൃക സൃഷ്ടിക്കുവാൻ പര്യാപ്തമായി യു.എൻ.ഒ പ്രഖ്യാപിച്ച മില്ലേനിയം വികസന ലക്ഷ്യത്തിൽ കുറെയധികം കേരളം നേടിയെടുത്തതാണ്.

## പഞ്ചായത്തീരാജ് സംവിധാനങ്ങളുടെ പങ്ക്

എഴുപത്തിമൂന്നാം ഭരണഘടന ഭേദഗതിയോടെ പഞ്ചായത്തുകൾക്ക് ഭരണഘടന സ്ഥാപനമായി മാറി. 1994ൽ കേരള പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നതോടെ അധികാരത്തിനോടൊപ്പം വിഭവങ്ങളും ഉത്തരവാദിത്വങ്ങളും വികേന്ദ്രീകരിച്ച് പഞ്ചായത്തുകളെ ശാക്തീകരിച്ചതിന്റെ ഫലമായി കേരളീയ വികസന കുതിപ്പിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ നിർണ്ണായക ചാലക ശക്തിയായി മാറി.

## ജനകീയാസൂത്രണം

1996ൽ ആരംഭിച്ചതാണ് വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രവർത്തനങ്ങൾ. സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന്റെ 35%-40% വരെ താഴെ തട്ടിലേക്ക് വിഭജിച്ച് നൽകിയത് വഴി ഓരോ പ്രദേശവും വികസന കുതിപ്പിൽ പങ്കാളികളായി. ആരോഗ്യരംഗത്ത് പി.എച്ച്.സികളുടെ നേതൃത്വ


**ജനസംഖ്യയിൽ കേരളത്തിന്റെ പ്രത്യേകതയായ സ്ത്രീകളുടെ സാന്നിധ്യം 1000 പുരുഷൻമാർക്ക് 1084 സ്ത്രീകൾ ഉള്ള കേരളത്തിൽ സ്ത്രീകളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് വേണ്ടി വലിയ മാതൃകകൾ സൃഷ്ടിക്കുവാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞു.**



ത്തിൽ ആരോഗ്യ വകുപ്പ് ജീവനക്കാർ, ആശ വർക്കർമാർ, അംഗൻവാടി ജീവനക്കാർ എന്നിവർ അവരുടെ ചുറ്റുവട്ടത്തുള്ള ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളിൽ നേരിട്ട് ഇടപെട്ട് പ്രതിവിധി നിശ്ചയിച്ച് കണ്ണും കാതും കൂർപ്പിച്ച് നിന്നതോടെ പല സാംക്രമിക രോഗങ്ങളും ഇല്ലാതായി. ആരോഗ്യ സംവിധാനം സർക്കാരുകളുടെ മുൻഗണനാ വിഷയമായി മാറി. പങ്കാളിത്ത ആസൂത്രണ പ്രക്രിയ ജനകീയാസൂത്രണ പദ്ധതി ആരംഭിച്ചതോടെ ഓരോ മേഖലയേയും ബാധിക്കുന്ന പ്രശ്നങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് ജനകീയ ഇടപെടൽ സാധ്യമാക്കി. ഒൻപതാം പദ്ധതി (19972002) ജനകീയ പദ്ധതി ആയതോടെ ഒട്ടേറെ വികസന മാതൃകകൾ കേരളത്തിൽ ഉണ്ടായി. ഉൽപാദന മേഖലയിൽ നല്ല ഇടപെടലുകൾ നടത്തി. കൃഷി പരിപോഷിപ്പിച്ച് മനുഷ്യന് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കി സ്വയം പര്യാപ്തി നേടുവാൻ ജനകീയാസൂത്രണം ഒരു പരിധി വരെ സഹായിച്ചു. മൃഗസംരക്ഷണ മേഖലയിലും മാറ്റങ്ങളുടെ കാലൊച്ചകൾ ദൃശ്യമായി.

1996ൽ സെൻ കമ്മിറ്റി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 1999ൽ പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തു. തുടർന്ന് ഗ്രാമസഭകൾ ശക്തിപ്പെട്ടു. ഇത് പഞ്ചായത്തുകളുടെ പ്രവർത്തന പശ്ചാത്തലത്തിന് പുതിയ ഊർജ്ജം നൽകി. ഓരോ പ്രദേശത്തുകാർക്കും അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ കഴിയുന്ന വേദിയായി ഗ്രാമസഭകൾ മാറി.

1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ ഉള്ള കേരളത്തിൽ സ്ത്രീകളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് വേണ്ടി വലിയ മാതൃകകൾ സൃഷ്ടിക്കുവാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞു. സ്ത്രീ ശാക്തീകരണത്തിന്റെ നേർക്കാഴ്ച്ചയായ കുടുംബശ്രീ സംവിധാനം കേരളത്തിലെ സ്ത്രീകൾക്ക് ഉണ്ടാക്കിയ അഭിമാന ബോധം പഞ്ചായത്തുകളുടെ നിരന്തര പരിശ്രമ ഫലമായിരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ 93% സ്ത്രീകളാണ് തൊഴിൽ ചെയ്യുന്നത്. സ്ത്രീകൾക്ക് സ്ഥിര വരുമാനം ഉണ്ടാക്കുന്നതിനും തുല്യത ഉറപ്പ് വരുത്തുന്നതിനും പഞ്ചായത്തുകളുടെ കാർമികത്വത്തിൽ നടക്കുന്ന തൊഴിലുറപ്പ് പദ്ധതികൾ കാരണമായി.



സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസനം നടത്താനുള്ള ഭരണഘടനാ ദൗത്യം പഞ്ചായത്തുകൾ നല്ല രീതിയിൽ നടപ്പിലാക്കിയപ്പോൾ കേരളത്തിന്റെ ദാരിദ്ര്യത്തിന്റെ തോത് കുറഞ്ഞു. ഇന്ത്യയിൽ 35% ജനങ്ങളും ദരിദ്രരാകുമ്പോൾ കേരളത്തിൽ അത് 9% മാത്രമാണ്. 2018ൽ ലോകരാജ്യങ്ങളുടെ പട്ടികയിൽ സ്ത്രീ-പുരുഷ അന്തരത്തിൽ ഇന്ത്യയുടെ സ്ഥാനം നൂറ്റിപതിനെട്ടാം സ്ഥാനത്താണെങ്കിൽ കേരളം സ്ത്രീ സൗഹൃദ നിലപാടിൽ ഊന്നി പ്രവർത്തിച്ചതിന്റെ ഫലമായി കേരളം സ്ത്രീ സൗഹൃദ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. രാജ്യത്തിന്റെ സമ്പത്തിന്റെ 77.4% ജനസംഖ്യയുടെ 10%ത്തിന്റെ കൈകളിലാകുന്ന ആധുനിക പശ്ചാത്തലത്തിൽ വികേന്ദ്രീകൃതമായി ഓരോ പൗരന്റെയും ജീവിത നിലവാരം ഉയർത്തുന്ന വികസന കാഴ്ച്ചപാടുള്ള കേരളം വ്യത്യസ്തമായി നിലകൊള്ളുന്നു.

ഇന്ത്യയുടെ ഭൂപടത്തിൽ കേരളം വെറും 1.1% ആണെങ്കിലും രാജ്യത്തിന്റെ ആകെയുള്ള ജൈവസമ്പത്തിന്റെ 25% കേരളത്തിലാണ്. 580കി.മീ ഉള്ള തീരദേശം അടക്കമുള്ള പ്രദേശങ്ങളുടെ ജൈവ ആവാസ വ്യവസ്ഥ സൂക്ഷിക്കുന്നതിനും, സംരക്ഷിക്കുന്നതിനും പരിസ്ഥിതിയുടെ കാവലാളായി ഗ്രാമപഞ്ചായത്തുകൾ നിലകൊള്ളുന്നു. കാർഷിക ഗ്രാമീണ സംസ്കാരം കേരളത്തിൽ നിലനിർത്തുവാനും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ ഉത്തരവാദിത്വത്തോടെ പരിഹരിക്കുവാനും പഞ്ചായത്ത് സംവിധാനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്. മാലിന്യ സംസ്

കരണത്തിൽ "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" എന്ന തത്ത്വം പ്രാവർത്തികമാക്കിയതിലൂടെ കേരളം ശുചിത്വമുള്ള നാടായി മാറി. 98% ജനങ്ങളും കക്കൂസ് ഉപയോഗിക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഇടപെടലിലൂടെ തന്നെയാണ്.

സാമൂഹ്യബോധം ഉണർത്തുപാട്ടാക്കി മാറ്റി ജനങ്ങളെകൊണ്ട് സാമൂഹിക പ്രവർത്തനം ചെയ്യിപ്പിക്കുന്നതിൽ ജനകീയാസൂത്രണ പ്രക്രിയ ഉണ്ടാക്കിയ സാമൂഹ്യ നവോത്ഥാനമാണ് കേരളത്തിൽ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടന്നത്. എനിക്ക് എന്ത് കിട്ടും എന്നതിന് പകരം എന്റെ പ്രദേശത്തിന് എന്ത് കിട്ടും എന്ന സന്ദേശം വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. ഓരോ പഞ്ചായത്തിലും വ്യത്യസ്ത കഴിവുകൾ ഉള്ളവരുടെ ഒരു നിര ഉണ്ടാക്കിയെടുക്കുവാൻ ജനകീയാസൂത്രണം കൊണ്ട് സാധിച്ചു. നീർത്തട വികസന കാഴ്ചപ്പാടുകൾ പഞ്ചായത്തുകൾക്ക് പരിചിതമാക്കി, മണ്ണ്-ജലം എന്നിവ സംരക്ഷിക്കുവാൻ വിവിധങ്ങളായ ഇടപെടലുകൾ നടത്തി.

കേരള വികസന മാതൃകയുടെ പ്രധാന ഘടകങ്ങളായ, സാമൂഹ്യ വികസനം, സ്ഥായിയായ ആളോഹരി വരുമാന വർദ്ധനവ്, ഉൽപ്പാദന മേഖലയിലെ വളർച്ച, അടിസ്ഥാന സൗകര്യ വികസനം, ഉയർന്ന ജീവിത നിലവാരം ഓരോ പൗരനും ഉറപ്പാക്കൽ, ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ എന്നിവയിൽ സക്രിയമായി ഇടപെട്ട് സുസ്ഥിര വികസനം കേരളത്തിന് ഉണ്ടാക്കുവാൻ കേരളത്തിനെ സഹായിച്ചത് പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ നിരന്തരമായ ഇടപെടലും മേൽനോട്ടവുമാണ്.

ജനാധിപത്യത്തെ സമ്പുഷ്ടമാക്കുന്നതിനും പഞ്ചായത്തീരാജ് സംവിധാനങ്ങൾ മികച്ച പങ്ക് വഹിച്ചു. വൈവിധ്യങ്ങളെയും, വ്യത്യസ്ത ആശയങ്ങളെയും ഏകോപിപ്പിച്ച് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ "ഭരണസമിതി" അംഗങ്ങളായി പ്രവർത്തിച്ചതിന്റെയും കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥർ അതിനു പിന്തുണ നൽകിയതിന്റെയും മികവിലാണ് കേരളീയ വികസന മാതൃക സൃഷ്ടിക്കപ്പെട്ടത്.●

ഓർമ

# അജിതയ്ക്ക് മരണമില്ല

**അജിതാദാസ്**

'നമുക്ക് ഒരിക്കലും തമ്മിൽ കാണാനാവില്ലല്ലോ എന്നെഴുതിയത് വായിച്ച് ഞാൻ മന്ദഹസിച്ചു... ഈ ഭൂഗോളം ഉരുണ്ടതാണ് കുട്ടീ. നമുക്കെന്നെങ്കിലും കാണാൻ കഴിയും എന്ന് പ്രത്യാശിക്കൂ...'-അഷിത എനിക്ക് എഴുതിയ കത്തിലെ വരികൾ എന്റെ മനസ്സിൽ ഇരുന്ന് വിറച്ചു....ഞാൻ മുന്നിൽ കാണുന്നത് ടെലിവിഷനിലെ എന്റെ ഏറെ പ്രിയപ്പെട്ട എഴുത്തുകാരിയുടെ വിയോഗത്തെക്കുറിച്ചുള്ള സ്ക്രോളാണ്... 'മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരി അഷിത അന്തരിച്ചു!' വിശ്വസിക്കാൻ മനസ്സു കൂട്ടാക്കിയില്ല. ഏയ് എന്റെ അഷിതയാവില്ല. അഷിതയ്ക്ക് മരണമില്ല. വാർത്ത ശരിയാണോ എന്നുറപ്പിക്കാൻ ചാനലുകൾ മാറ്റി മാറ്റി നോക്കി. എല്ലാ വാർത്താ ചാനലുകളിലും അഷിതയുടെ മരണം വാർത്താ അവതാരകർ പ്രഖ്യാപിച്ചു കൊണ്ടിരിക്കുന്നു.

മലയാളം എം.എ യ്ക്കു കാര്യവട്ടത്തു പഠിക്കുന്ന കാലം. അക്ഷരങ്ങളുടെ കൈപിടിച്ച് നടക്കാൻ പഠിപ്പിച്ചവരെയൊക്കെ സ്നേഹത്തോടെ മാത്രം ഓർത്തുപോകുന്ന വിധം അത്രത്തോളം അക്ഷരങ്ങളെ നെഞ്ചേറ്റി നടന്നിരുന്നു അന്ന്. അപൂർവമായി ചില എഴുത്തുകാരുടെ സൗഹൃദവുമുണ്ടായിരുന്നു. അതിലൊരാളായിരുന്നു അഷിത. ആധുനികതയുടെ മുഖംമൂടി അണിഞ്ഞ് ദന്തഗോപുരത്തിലിരുന്ന് വായനക്കാരെ കൊഞ്ഞനം കുത്തുന്നവരായിരുന്നില്ല അഷിതയുടെ കഥകളിൽ ഞാൻ പരിചയപ്പെട്ടവരാരും. കഥാകാരിയുടെ മനസ്സിന്റെ നിർമലത വായനയ്ക്കിടയിൽ എവിടെയൊക്കെയോ ഒരു തണുത്ത കാറ്റുപോലെ എന്നെ തൊടുന്നുണ്ടായിരുന്നു. ചില കഥാപാത്രങ്ങളുടെ perspective outlook നു മുന്നിൽ കഥാകാരി ഒരു നിഷ്കളങ്കമായ ചിരിയോടെ എന്റെ വായനാമുറിയിൽ

പ്രകാശിച്ചങ്ങനെ നിൽക്കും. ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്ന കഥകളിലൂടെയാണ് അഷിത എന്റെ വായനാമുറിയിൽ ആദ്യം എത്തിയത്. വളരെ പക്വമായ സമീപനവും കാഴ്ചപ്പാടുമായിരുന്നു പലപ്പോഴും അഷിതയുടേത്. കഥാപാത്രത്തിന് പലപ്പോഴും സ്വരം നൽകുക എഴുത്തുകാർ തന്നെയാണല്ലോ, യാദൃച്ഛികമായിട്ടാണെങ്കിലും! അതായിരിക്കാം അന്നെന്നെ അഷിതയുടെ കഥകളെയും കഥകളുടെ കഥാകാരിയേയും നെഞ്ചേറ്റുവാൻ പ്രേരിപ്പിച്ചതെന്നു തോന്നുന്നു.

അതോടെ അഷിതയെ നേരിട്ടൊന്നു കാണണമെന്നും പരിചയപ്പെടണമെന്നും ആഗ്രഹമുണ്ടായി. എന്നാൽ അന്നത്തെ തിരക്കുകൾ കാരണം ആ ആഗ്രഹം സഫലമാക്കാനായില്ല. അങ്ങനെയിരിക്കുമ്പോഴാണ് അന്ന് എം.എ രണ്ടാം വർഷത്തിന് പഠിച്ചിരുന്ന എന്റെ ഒരു സുഹൃത്തിന് അഷിതയെ പരിചയമുണ്ടെന്ന് അറിയുന്നത്. അങ്ങനെ അവർ തന്ന വിലാസത്തിൽ ഞാൻ അഷിതയ്ക്ക് ആദ്യമായി ഒരു കത്തെഴുതി. ഒരു മറുപടിയൊന്നും ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. കാരണം പ്രശസ്തരായിക്കഴിഞ്ഞാൽ പൊതുവെ ആരും മറുപടി അയയ്ക്കാറില്ലല്ലോ ആർക്കും.! എന്നാൽ എന്നെ പാടെ അമ്പരപ്പിച്ചു കൊണ്ട് ഏതാനും ദിവസങ്ങൾക്കുള്ളിൽ അഷിതയുടെ മറുപടിക്കത്ത് എന്നെ തേടിയെത്തി. സത്യമാണോ സ്വപ്നമാണോ എന്നൊന്നും വിവേചിച്ചറിയാനാകാത്ത ഒരു ദിവസം. എത്ര പ്രാവശ്യമാണ് ആ കത്ത് ഞാൻ വീണ്ടും വീണ്ടും വായിച്ചതെന്നോർമ്മയില്ല. എത്ര മനോഹരമാണ് ആ അക്ഷരങ്ങളെന്നോ! ഇപ്പോഴും ഞാനതെന്റെ ഹൃദയത്തോട് ചേർത്തു പിടിച്ചിട്ടുണ്ട്, എന്റെ അഷിതയോടൊപ്പം!

മരണത്തിന് തോൽപിക്കാൻ കഴിയാത്ത ഒരു കൂട്ടരേയുള്ളു എഴുത്തുകാർ. മരിച്ചാലും അവർ നമ്മോട് സംവദിച്ചു കൊണ്ടേയിരിക്കും, അവരുടെ രചനകളിലൂടെ. അതുകൊണ്ട് തന്നെ അഷിതയ്ക്ക് മരണമില്ല എന്ന് വിശ്വസിക്കാനാണ് എനിക്കിഷ്ടം.●



# മറവിയിൽ നിന്നുണർത്തട്ടെ വൈക്കം സത്യാഗ്രഹം

സുബ്രഹ്മണ്യൻ അമ്പാടി

ചരിത്രത്തിൽ ദീപസ്തംഭമായി നിൽക്കുന്ന ഐതിഹാസികമായ വൈക്കം സത്യാഗ്രഹത്തിന്റെ നവതിയിൽ കുഴിച്ച് മൂടിയ അനാചാരങ്ങൾ വീണ്ടും ഉയർത്തെഴുന്നേൽക്കുന്നു. മതങ്ങളും അവയുടെ ജീർണ്ണസംസ്ക്കാരങ്ങളും നവോത്ഥാന സന്ദേശങ്ങളെ ജാതിയുടെ പേരിൽ വെല്ലുവിളിക്കുകയുമാണ്.

ജാതിവ്യവസ്ഥ നിലനിന്നിരുന്ന കാലഘട്ടം കേരളത്തിന്റെ ഇരുണ്ട നാളുകളായിരുന്നു. തീണ്ടൽ ,സവർണ്ണ-അവർണ്ണ വ്യത്യാസം മൂലം ഈഴവരാദി പിന്നോക്ക ജനവിഭാഗങ്ങളെ പൊതുവഴികളിലൂടെ സഞ്ചരിക്കാൻ അനുവദിച്ചിരുന്നില്ല. 1806 ൽ വൈക്കം മഹാദേവക്ഷേത്രത്തിൽ ഒരു സംഘം ഈഴവർ ആരാധന



യ്ക്കുവേണ്ടി ബലമായി ക്ഷേത്ര മതിൽക്കെട്ടിനുള്ളിൽ പ്രവേശിച്ചു. ബാലരാമവർമ്മ മഹരാജാവിന്റെ ഉത്തരവിൻ പ്രകാരം വേലുത്തമ്പി ദളവയുടെ കിങ്കരൻന്മാർ ഇവരുടെ തല വെട്ടി മൃതശരീരങ്ങൾ വൈക്കം മഹാദേവക്ഷേത്രത്തിന്റെ കുളത്തി ലിട്ടുമൂടി ഈ കുളം പിന്നീട് ദളവാ കുളമായി അറിയപ്പെട്ടു. 1923 ൽ മഹാകവി കുമാരനാശന്റെ അദ്ധ്യ ക്ഷതയിൽ ചേർന്ന സമ്മേളന ത്തിൽ ദളവാകുളംസംഭവം വിവ രിച്ചു കേട്ടപ്പോൾ മഹാകവി ഇങ്ങനെ പറഞ്ഞു. "രോമാഞ്ചമു ണ്ടാക്കിയ വീരചരിതമാണ്. അഭിമാ നികളായ ആ പൂർവ്വ സൂരികളുടെ അസ്ഥികൾ ആ കുളത്തിൽ നിന്ന് തോണ്ടിയെടുത്ത് പൂജിക്കാൻ മാത്രം അവർ പുണ്യം ചെയ്തവ രാണ്. അവർണ്ണന്റെ ശവശരീരങ്ങൾ ഇട്ടുമൂടിയ കുളം ഇന്ന് വൈക്ക ത്തിന്റെ പ്രൈവറ്റ് ബസ് സ്റ്റാന്റായി പ്രവർത്തിക്കുന്നു.

ദളവാകുളം സംഭവത്തിനുശേഷം ഒരു നൂറ്റാണ്ടു കഴിഞ്ഞ് 1905-ൽ വൈക്കം മഹാദേവക്ഷേത്രത്തിന്റെ നാലു ഗോപുര വഴികളിലുള്ള കലു ങ്കിൽ തീണ്ടൽ പലകകൾ സ്ഥാപിച്ചു. ഈഴവരാദി അയിത്തജാതിക്കാർ വഴി നടക്കുന്നതിനെ നിരോധിച്ചു കൊണ്ട് വിളംബരം പുറപ്പെടുവിച്ചു.

1917 സെപ്തംബർ 27 ന് തിരു നെൽവേലിയിലെത്തിയ മഹാ ത്മാഗാന്ധിയെ കണ്ട് ടി.കെ മാധ





വൻ അയിത്താചരണം മാറ്റിയെടു ക്കുന്നതിന് സംഭാഷണം നടത്തി. പിന്നീട് 1923 ൽ ഡിസംബറിലെ കാക്കിനാഡ സമ്മേളനത്തിൽ പങ്കെ ടുത്ത് സർദാർ കെ.എം. പണി ക്കരുടെ സഹായത്തോടെ കോൺഗ്രസ് പ്രസിഡന്റ് മൗലാനാ മുഹമ്മദലിയെക്കണ്ട് പ്രമേയം വിത രണം ചെയ്യുന്നതിന് അനുവാദം വാങ്ങി.

''ഇന്ത്യൻ നാഷണൽ കോൺ ഗ്രസിനോട് ഇന്ത്യയിലെ അയിത്ത മുള്ള ജാതിക്കാർക്കുവേണ്ടി ഒരു അപേക്ഷ" എന്ന തലക്കെട്ടോടുകൂടി എല്ലാ അംഗങ്ങൾക്കും അത് വിത രണം ചെയ്തു. സി.ആർ. ദാസ്, പണ്ഡിറ്റ് മോത്തിലാൽ നെഹ്റു,




ആചാര്യറേ എന്നി നേതാക്കളെ നേരിൽക്കണ്ട് കേരളത്തിൽ അയിത്താചാര നടപടികളെക്കുറിച്ച് വിശദമായി ടി.കെ മാധവൻ സംസാരിച്ചു. കേരളത്തിലെ കോൺഗ്രസ് നേതാക്കൾക്ക് അയത്തോച്ചാടന സമരം നടത്താൻ സമ്മേളനം അംഗീകാരം നൽകി.

1924 ജനുവരി 44 ന് എറണാകുളത്ത് വച്ച് കൂടിയ കേരള പ്രൊവിഷ്യൽ കോൺഗ്രസ് കമ്മിറ്റി അയിത്തോച്ചാടന കമ്മിറ്റി രൂപികിച്ചു.കെ കേളപ്പൻ നായർ കൺവീനറായും ടി.കെ മാധവൻ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, ടി.ആർ കൃഷ്ണസ്വാമി അയ്യർ, കണ്ണന്തോടത്ത് വേലായുധമേനോൻ എന്നിവർ അംഗങ്ങളായും പ്രചാരകമ്മറ്റിയെ തെരഞ്ഞെടുത്തു. സഞ്ചാര സ്വാതന്ത്ര്യത്തിനും ക്ഷേത്രപ്രവേശനത്തിനും വേണ്ടി പ്രചാരണ ജാഥകളും സമ്മേളനങ്ങളും നടന്നത് ഈ കാലയളവിലാണ്.കെ കേളപ്പൻ നായർ തന്റെ പേരിനൊപ്പമുണ്ടായിരുന്ന ജാതിനാമം ഉപേക്ഷിച്ച് കെ. കേളപ്പൻ ആയി.

ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ വൈക്കത്തിന്റെ മണ്ണിൽ 1924 മാർച്ച് 30 ന് അംഹിസയിലും സഹനത്തിലും അധിഷ്ഠിതമായ സത്യാഗ്രഹം മഹാത്മാജിയുടെ അനുഗ്രഹത്തോടെ ആരംഭിച്ചു. തീണ്ടൽ പലക പിഴുതെറിയാൻ ഒന്നാം ദിവസം പുലയനായ കുഞ്ഞാപ്പിയും ഈഴവനായ ബാഹുലേയനും നായരായ ഗോവിന്ദപ്പണിക്കരും അയിത്തപലകയ്ക്ക് സമീപത്തെത്തിയപ്പോൾ പൊലീസ് അറസ്റ്റ് ചെയ്തു. പിന്നീടുള്ള ഓരോ ദിവസവും സത്യഗ്രഹം തുടർന്നുകൊണ്ടിരുന്നു. 99 ലെ വെള്ളപ്പൊക്കത്തിലും കഴുത്തറ്റം വെള്ളത്തിൽ നിന്ന് സമരം ചെയ്ത മൂവാറ്റുപുഴ പാലക്കുഴിയിലെ കീഴേറ്റില്ലത്ത് രാമൻ ഇളയതിന്റെ രണ്ടു കണ്ണുകളിലും പച്ചച്ചുണ്ണാമ്പെഴുതി കണ്ണുകൾ പൊട്ടിച്ചു. ജീവിതാവസാനം വരെ ഈ ബ്രാഹ്മണയുവാവ് അന്ധനായി. തിരുവല്ലയിൽ നിന്നെത്തിയ ചിറ്റേടത്ത് ശങ്കുപിള്ളയെ ഗുണ്ടകൾ മർദ്ദിച്ചു കൊന്നു - വൈക്കം സത്യഗ്രഹത്തിലെ പ്രഥമ രക്തസാക്ഷി.

തമിഴ്നാട് കോൺഗ്രസ് പ്രസിഡന്റും ഈറോഡ് മുൻസിപ്പൽ ചെയർമാനമായിരുന്ന ഇ വി രാമസ്വാമി നായ്ക്കരും ഭാര്യ നാഗമ്മയും സഹോദരി കണ്ണമ്മയും സംഘാംഗങ്ങളും വൈക്കത്തെത്തി സത്യാഗ്രത്തിന് പുതുജീവൻ നൽകി. സത്യാഗ്രഹികൾക്ക് സൗജന്യ ഭക്ഷണം നൽകുന്നതിന് ചാക്കിൽ നോട്ടുകളുമായി പഞ്ചാബ് പ്രബന്ധക് ശിരോമണി കമ്മിറ്റി നേതാവ് ലാലാ ലാൽ സിങ്ങിന്റെയും നേതൃത്വത്തിൽ അകാലിസംഘമെത്തി.ഈ 15 അംഗങ്ങൾ സദ്യ ഒരുക്കി.

1924 സെപ്തംബർ 12 ന് ശ്രീ നാരായണഗുരു സത്യാഗ്രഹ ക്യാമ്പ് സന്ദർശിച്ച് 1000 രൂപ സംഭാവന നൽകി. അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന വെല്ലൂർ മഠം സത്യാഗ്രഹ ക്യാമ്പാക്കി മാറ്റുന്നതിന് അനുവദിച്ചു.

മഹാത്മാഗാന്ധിയുടെ നിർദ്ദേശ പ്രകാരം മന്നത്ത് പത്മാഭന്റെ നേതൃത്വത്തിൽ നായർ സമുദായാംഗങ്ങളുടെ " സവർണ്ണജാഥ തിരുവിതാകൂർ" തിരുവനന്തപുരത്തേക്ക് നയിച്ചു. തെക്ക് നിന്ന് ഡോ. ഇ.എം നായിഡുവിന്റെ നേതൃത്വത്തിലും

ജാഥ പുറപ്പെട്ടു.

1925 മാർച്ച് 9 ന് മഹാത്മാഗാന്ധി വൈക്കത്ത് എത്തി സത്യാഗ്രഹികൾക്ക് ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി. വൈക്കം ലോകശ്രദ്ധപിടിച്ചു പറ്റിക്കൊണ്ട് ദേശീയ-ജനകീയ പ്രസ്ഥാനമായി.അവർണ്ണന് വഴി നടക്കുന്നതിന് വേണ്ടി ഭാരതത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്ന് ഉൽപതിഷ്ണുക്കളായ നിരവധി നവോത്ഥാന നായകർ വൈക്കത്തെത്തി. ഉന്നതകുലജാതിയിലുള്ളവരും അധഃകൃതരും തോളോടു തോൾ ചേർന്ന് മാനവികതയ്ക്കു വേണ്ടി പോരാടി. ടി.കെ മാധവൻ, കെ. പി കേശവമേനോൻ , കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, ചാത്തുക്കുട്ടി നായർ,മന്നത്ത് പത്മനാഭൻ, കുരുവിള മാത്യു, അയ്യാമുത്തു ഗൗണ്ടർ,ആലുംമൂട്ടിൽ എം. കെ ഗോവിന്ദൻ ചാന്നാർ, ആമചാടിതേവൻ മുതലായ നിരവധി മനുഷ്യരുടെ കണ്ണുനീരും ചോരയും കൊണ്ട് നവോത്ഥാന ചരിത്രത്തിന് പുതിയ അധ്യായം എഴുതിച്ചേർത്തു.

1925 മാർച്ച് 23 ന് വൈക്കം മഹാദേവക്ഷേത്രത്തിന്റെ കിഴക്കേ ഗോപുരവഴി ഒഴികെയുള്ള പൊതുവഴി എല്ലാ മനുഷ്യർക്കും വഴിനടക്കുന്നതിനായി തുറന്ന് കൊടുത്തു



കെ.പി. കേശവമേനോൻ, ടി.കെ. മാധവൻ എന്നിവരോടൊപ്പം ജയിൽ മോചിതരായ സത്യാഗ്രഹികൾക്ക് സ്വീകരണം നൽകിയപ്പോൾ. ഇരിക്കുന്നവരിൽ മൂന്നാമത് കെ.പി. കേശവമേനോനും അഞ്ചാമത് ടി.കെ. മാധവനും. ആദ്യദിനത്തിൽ സത്യാഗ്രഹം അനുഷ്ഠിച്ച ഗോവിന്ദപ്പണിക്കർ, ബാഹുലേയൻ, ചാത്തൻ കുഞ്ഞപ്പി എന്നിവരെയും കാണാം.

കൊണ്ട് അയിത്തപലകകൾ പിഴുതെറിഞ്ഞു.

വൈക്കം സത്യാഗ്രഹഗവേഷണ കേന്ദ്രം ഉദ്ഘാടനം ചെയ്തുകൊണ്ട് ചരിത്ര പണ്ഡിത റൊമീലഥാപ്പർ "ദേശീയ സ്വാതന്ത്ര്യ സമരവുമായി കണ്ണിചേർക്കപ്പെട്ട വൈക്കം സത്യഗ്രഹം സമത്വത്തിനും നീതിയ്ക്കും വേണ്ടിയുള്ള ഒരു ജനതയുടെ കൂട്ടായ പോരാട്ടമായിരുന്നു" എന്ന് വിലയിരുത്തി.

നവോത്ഥാന നായകർ ഉഴുതുമറിച്ച വൈക്കം സത്യഗ്രഹ ഭൂമിക പഴയ ഭ്രാന്താലയത്തിലേക്കു തിരിച്ചുപോവുകയാണോ? ഫ്യൂഡലിസ്റ്റ്-വർഗീയ ശക്തികൾക്കെതിരെ ഉണർന്നു പ്രവർത്തിക്കാൻ വൈക്കം സത്യഗ്രഹത്തിന്റെ ജ്വലിക്കുന്ന ഓർമകൾ മലയാളിയെ പ്രാപ്തരാക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.●

## STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT GRAMABHOOMI BI-MONTHLY

**From IV (See Rule 8)**

| | | |
|---|---|---|
| 1. | Place of Publication | Thiruvananthapuram |
| 2. | Periodicity of publication | Bi-monthly |
| 3. | Owner's Name, Nationality and Address | Sri. N. Padmakumar IAS, Indian<br>Commissioner of Rural Develpment, Swaraj Bhavan,<br>Nanthencode, Thiruvananthapuram |
| 4. | Printer's Name, Nationality and Address | Smt. M.G. Sheela<br>Superintendent of Government Presses, Thiruvananthapuram |
| 5. | Publisher's Name, Nationality and Address | Smt. Ajitha Das, Indian<br>Chief Officer, Rural Information Bureau, Swaraj Bhavan<br>6th Floor, Nanthencode, Thiruvananthapuram. |
| 6. | Editor's Name, Nationality and Address | Smt. Ajitha Das, Indian<br>Chief Officer, Rural Information Bureau, Swaraj Bhavan<br>6th Floor, Nanthencode, Thiruvananthapuram. |
| 7. | Name and address of individuals who own the news paper, partners or share holders holding more than one percent of the total capital | Department of Rural Development,<br>Government of Kerala. |

I , Ajitha Das, hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
28.03.2019

Sd/-
Ajitha Das
Chief Officer



# ചരിത്ര നേട്ടവുമായി

**18.5 ലക്ഷം കുടുംബങ്ങളാണ് തൊഴിലുറപ്പ് പദ്ധതിയിൽ സജീവമായി തൊഴിലിന് വരുന്നത്. 2018 – 19 സാമ്പത്തിക വർഷത്തിൽ 5.5 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുമതി ലഭ്യമാക്കിയത്.**

ഗ്രാമീണ മേഖലയിൽ അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യുന്നതിന് സന്നദ്ധരായ കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ലഭ്യമാക്കുകയും ഉത്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുകയും ചെയ്യുകയെന്നതാണ് തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. 2018-19 സാമ്പത്തിക വർഷത്തിൽ 14.78 ലക്ഷം കുടുംബങ്ങൾക്കായി 9.75 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകവഴി ചരിത്ര നേട്ടം കൈവരിക്കുന്നതിനാണ് കഴിഞ്ഞത്.

18.5 ലക്ഷം കുടുംബങ്ങളാണ് തൊഴിലുറപ്പ് പദ്ധതിയിൽ സജീവമായി തൊഴിലിന് വരുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ 5.5 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുമതി ലഭ്യമാക്കിയത്. സംസ്ഥാനത്തുണ്ടായ അതിരൂക്ഷമായ പ്രളയക്കെടുതി തരണം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 7 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചിരുന്നു. പതിവിൽ നിന്നും വ്യത്യസ്തമായി ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യദിനം മുതൽ തന്നെ ഗ്രാമപഞ്ചായത്തുകളിൽ പ്രവൃത്തികൾ ആരംഭിക്കുന്നതി



# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ന് സാധിച്ചു. എന്നാൽ, സംസ്ഥാനത്തുണ്ടായ പ്രളയസാഹചര്യം ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പദ്ധതി പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുകയുമുണ്ടായി. പ്രളയാനന്തരം പ്രളയബാധിത മേഖലകളിൽ കുടുംബങ്ങൾക്ക് തൊഴിൽ നൽകി ആശ്രയമാവുകയും, പ്രളയ പുനരുദ്ധാരണ പ്രവൃത്തികളിൽ കൂടുതൽ ശ്രദ്ധ നൽകുന്നതിനുംമുൻതൂക്കം നൽകി. 2018 നവംബർ മാസത്തോടെ കേന്ദ്ര സർക്കാർ അനുവദിച്ചു നൽകിയ ലക്ഷ്യവും കടന്ന് പദ്ധതി മുന്നേറിയ സാഹചര്യത്തിൽ അംഗീകൃത ലേബർ ബഡ്ജറ്റ് 7 കോടി തൊഴിൽദിനങ്ങളായി കേന്ദ്ര സർക്കാർ വർദ്ധിപ്പിക്കുകയുമുണ്ടായി. സാമ്പത്തിക വർഷാന്ത്യം പ്രതീക്ഷിത തൊഴിൽദിനങ്ങളുടെ 140% വർദ്ധനവോടെ 9.75 കോടി തൊഴിൽ ദിനങ്ങളെന്ന ചരിത്ര നേട്ടം കൈവരിക്കുന്നതിന് സാധിക്കുകയും ചെയ്തു. ഇതുവഴി 2679 കോടി രൂപ ഗ്രാമീണ മേഖലയിലെ കുടുംബങ്ങളിൽ എത്തിച്ചേരുന്നതിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 3 വർഷങ്ങളിലെ പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ - പട്ടിക 1.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17, 2017-18,

**പട്ടിക 1**

| സാമ്പത്തിക വർഷം | തൊഴിൽ ചെയ്ത കുടുംബങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | സൃഷ്ടിച്ച പ്രതികുടുംബ ശരാശരി തൊഴിൽ ദിനങ്ങൾ |
|---|---|---|---|
| 2016-17 | 14.57 | 684.62 | 46.97 |
| 2017-18 | 13.12 | 619.59 | 47.24 |
| 2018-19 | 14.78 | 975 | 65.96 |

| പട്ടിക 2 | | | |
|---|---|---|---|
| സാമ്പത്തിക വർഷം | അംഗീകരിച്ച ലേബർ ബഡ്ജറ്റ് (ലക്ഷത്തിൽ) | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | കൈവരിച്ച നേട്ടം (%) |
| 2016-17 | 603.11 | 684.62 | 113.52 |
| 2017-18 | 450 | 619.59 | 137.69 |
| 2018-19 | 700 | 975 | 140 |

2018-19 സാമ്പത്തിക വർഷങ്ങളിലെ കണക്ക് പരിശോധിക്കുകയാണെ കിൽ, ഓരോ വർഷവും കേന്ദ്ര സർക്കാർ അനുവദിച്ചു നൽകുന്ന ലേബർ ബഡ്ജറ്റിലെ തൊഴിൽ ദിനങ്ങളേക്കാളും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതിയ്ക്കു കഴിഞ്ഞിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 114%, 2017-18 സാമ്പത്തിക വർഷത്തിൽ 137%, 2018-19 സാമ്പത്തിക വർഷത്തിൽ 140% എന്നിങ്ങനെയാണ് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലെ നേട്ടം - പട്ടിക 2.

കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നതോടൊപ്പം തൊഴിലിന് വരുന്ന പരമാവധി കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിനുളള ശ്രമങ്ങളാണ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്തുന്നത്. സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി 441174 കുടുംബങ്ങളാണ് 2018-19 വർഷത്തിൽ 100 ദിവസം പൂർത്തിയാക്കിയത്. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടായുളള ശ്രമഫലമായി 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളുടെ കണക്കിലും പദ്ധതിയുടെ ചരിത്രത്തിൽ ഏറ്റവും മികച്ച നേട്ടമാണ് കൈവരിച്ചിട്ടുളളത്.

| സാമ്പത്തിക വർഷം | 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം |
|---|---|
| 2016-17 | 113187 |
| 2017-18 | 117370 |
| 2018-19 | 441174 |

ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനോടൊപ്പം തന്നെ സംസ്ഥാനത്തിന്റെ വിഭവാടിത്തറ മെച്ചപ്പെടുത്തുന്നതിനുളള സ്ഥായിയായ ആസ്തികളുടെ നിർമ്മാണം, പ്രളയ പുന:സ്ഥാപന പ്രവർത്തനങ്ങൾ, ഭവന നിർമ്മാണ ഗുണഭോക്താക്കൾക്കുളള നിർമ്മാണ സാമഗ്രികൾ എന്നിവയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളെ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ മാത്രമായി പരിമിതപ്പെടുത്താതെ, സ്ഥായിയായ ആസ്തികളായ അങ്കണവാടികൾ, റോഡുകൾ, കുളങ്ങൾ, ഭവനങ്ങൾ, സാനിട്ടറി കോംപ്ലക്സുകൾ, സർക്കാർ സ്കൂളുകളിൽ കളിക്കളങ്ങൾ, പാചകപ്പുര, ഡൈനിംങ് ഹാൾ എന്നിവ നിർമ്മിക്കുന്നതിനും, ഭവന നിർമ്മാണ ഗുണഭോക്താക്കൾക്കുവേണ്ട നിർമ്മാണ സാമഗ്രി ഉത്പാദനത്തിനും ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞുവെന്നത് എടുത്ത് പറയേണ്ടുന്ന വസ്തുതകളാണ്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകുന്ന പശുത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് മുതലായവയുടെ നിർമ്മാണത്തിലും മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി മികച്ച നേട്ടം കൈവരിക്കുന്നതിന് പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ പദ്ധതിയിൽ ഏർപ്പെട്ടുവരുന്ന പട്ടിക വർഗ്ഗ കുടുംബങ്ങളെ സഹായിക്കുന്നതിനായി ട്രൈബൽ പ്ലസ്, മുൻകൂർ വേതനം തുടങ്ങിയ പദ്ധതികൾ സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിലൂടെ ഇവരുടെ ഉയർന്ന പ്രാതിനിധ്യമുറപ്പാക്കാനും തൊഴിൽ ലഭ്യമാക്കി കൂടുതൽ വരുമാനമുറപ്പാക്കാനും കഴിഞ്ഞിരുന്നു.

## ഭരണ നേട്ടങ്ങൾ

| ഇനം | സാമ്പത്തിക വർഷം | | |
|---|---|---|---|
| | 2016-17 | 2017-18 | 2018-19 |
| അംഗീകരിച്ച ലേബർ ബഡ്ജറ്റ് (ലക്ഷത്തിൽ) | 603.11 | 450 | 700 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | 684.62 | 619.59 | 975 |
| ലേബർ ബഡ്ജറ്റിന് ആനുപാതികമായി സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ ശതമാനം | 113.52 | 137.69 | 140 |
| ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ പട്ടിക വർഗ്ഗ തൊഴിലാളികൾക്ക് ലഭ്യമായ തൊഴിൽ ദിനങ്ങളുടെ ശതമാനം | 4.47 | 4.91 | 5.8 |
| ഒരു കുടുംബത്തിന് ലഭ്യമായ ശരാശരി തൊഴിൽ ദിനം | 46.97 | 47.24 | 65.96 |
| 100 ദിവസം തൊഴിൽ ചെയ്ത കുടുംബങ്ങൾ | 113187 | 117370 | 441174 |
| 100 ദിവസം തൊഴിൽ ചെയ്ത പട്ടിക വർഗ്ഗ കുടുംബങ്ങൾ | 6368 | 6609 | 23443 |

- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കിയ മികച്ച പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ 2017 വർഷം ആധാർ അധിഷ്ഠിത സേവനത്തിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചതിന് സംസ്ഥാനത്തിന് ദേശീയതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. കൂടാതെ ജിയോടാഗിംങ് പ്രവർത്തനങ്ങൾക്ക് തൃശ്ശൂർ ജില്ലയ്ക്ക് ദേശീയതലത്തിൽ രണ്ടാം സ്ഥാനവും ആലപ്പുഴ ജി

## പ്രളയ പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ പങ്ക്

സംസ്ഥാനത്തെ പ്രളയ ബാധിത മേഖലയിൽ പ്രളയത്തിൽ അകപ്പെട്ട കുടുംബങ്ങൾക്ക് ഉപജീവനം ഒരുക്കുന്നതിൽ നിർണ്ണായക പങ്കാണ് തൊഴിലുറപ്പ് പദ്ധതി വഹിച്ചിട്ടുള്ളത്. വരുമാന സ്രോതസ്സ് നഷ്ടപ്പെട്ട് നിരാലംബരായ കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്നതിന് പദ്ധതിക്ക് കഴിഞ്ഞു. പ്രളയാനന്തരം യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് തൊഴിലുറപ്പ് പദ്ധതിയിന്മേൽ സ്വീകരിച്ചത്. 10.31 ലക്ഷം കുടുംബങ്ങൾക്കാണ് ഈ കാലയളവിൽ തൊഴിൽ നൽകിയത്. ഇതിൽ തന്നെ 4.83 ലക്ഷം കുടുംബങ്ങൾ പ്രളയശേഷം തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളായവരാണ്. പ്രളയശേഷം ആകെ 12.02 ലക്ഷം ആളുകൾക്ക് തൊഴിൽ നൽകിയതിൽ 6.12 ലക്ഷം പേരും പുതുതായി തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ആവശ്യപ്പെട്ടവരാണ്. ഈ കാലയളവിൽ 82605 കുടുംബങ്ങൾ പുതുതായി തൊഴിൽ കാർഡ് എടുക്കുകയും, തൊഴിൽ ആവശ്യപ്പെടുകയും ചെയ്തു. പ്രളയശേഷം സംസ്ഥാനത്ത് 7.63 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും അതിലൂടെ 2068.74 കോടി രൂപയുടെ വരുമാനം ഗ്രാമീണ ജനതയ്ക്ക് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

## ലൈഫ് മിഷൻ ഗുണഭോക്താക്കൾക്കുള്ള സഹായങ്ങൾ

സംസ്ഥാനത്തെ ഭവന രഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വീട് നൽകുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ലൈഫ് മിഷൻ. ലൈഫ് മിഷനിൽ ഉൾപ്പെട്ട് വരുന്ന കുടുംബങ്ങൾക്ക് 4 ലക്ഷം രൂപയുടെ ധനസഹായമാണ് ഭവന നിർമ്മാണത്തിനായി നൽ



ല്ലയിലെ വീയ്യപുരം ഗ്രാമപഞ്ചായത്തിന് മികച്ച പ്രവർത്തനങ്ങൾക്കുള്ള ദേശീയ അവാർഡും ലഭിക്കുകയുണ്ടായി.

- 2018 വർഷം ദേശീയതലത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ 4 പുരസ്കാരങ്ങൾ നേടുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. മിഷൻ വാട്ടർ കൺസർവേഷൻ പദ്ധതി നടത്തിപ്പിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനവും, ബെയർഫൂട്ട് ടെക്നീഷ്യൻ, സമയബന്ധിത കൂലിവിതരണം എന്നിവയിൽ മൂന്നാം സ്ഥാനവും ലഭിച്ചു. കൂടാതെ ദേശീയതലത്തിൽ പദ്ധതി നടത്തിപ്പിൽ മികച്ച പഞ്ചായത്തിനുള്ള പുരസ്കാരം ആലപ്പുഴ ജില്ലയിലെ ബുധനൂർ ഗ്രാമപഞ്ചായത്തിന് ലഭിച്ചു.
- 33.5 ലക്ഷം സിമന്റ് കട്ടകൾ നിർമ്മിച്ച് ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി.
- കഴിഞ്ഞ സാമ്പത്തിക വർഷം 100 ദിവസം പൂർത്തിയാക്കിയ 117370 കുടുംബങ്ങൾക്ക് ഓണ സമ്മാനമായി കുടുംബം ഒന്നിന് 1000/ രൂപ നിരക്കിൽ 11.737 കോടി രൂപ സംസ്ഥാന സർക്കാർ നൽകുകയുണ്ടായി.
- 103 അങ്കണവാടി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചു.
- ദേശീയ ശരാശരിയേക്കാൾ ഉയർന്ന ശരാശരി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.

## സാമ്പത്തിക വിനിയോഗം

| സാമ്പത്തിക വർഷം | തുക (ലക്ഷത്തിൽ) (എം.ഐ.എസ്. റിപ്പോർട്ട് പ്രകാരം) |
|---|---|
| 2016-17 | 242283.51 |
| 2017-18 | 190176.96 |
| 2018-19 | 299005.15 |

സംസ്ഥാന ഔഷധ സസ്യബോർഡുമായി സംയോജിപ്പിച്ചുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗൃഹചൈതന്യം എന്ന പദ്ധതി 471 ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുകയും, ഓരോ ഗ്രാമപഞ്ചായത്തിലും നഴ്സറികളിലൂടെ 5000 കറിവേപ്പും, 5000 ആര്യവേപ്പ് തൈകളും ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കി വരുന്നത്. ഈ 4 ലക്ഷം രൂപയ്ക്ക് ഉപരിയായി 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ, തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും നൽകി വരുന്നുണ്ട്. 4 ലക്ഷം രൂപയ്ക്ക് ഉപരിയായി 24390/ രൂപ കൂടി ലഭിക്കുന്നതിനുള്ള അവസരമാണ് തൊഴിലുറപ്പ് പദ്ധതിയിൽ ലഭ്യമാകുന്നത്.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനുള്ള നിർമ്മാണ സാമഗ്രികൾ കുറഞ്ഞ നിരക്കിൽ നിർമ്മിച്ച് നൽകുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്തി 2018-19 സാമ്പത്തിക വർഷത്തിൽ ഒരു വീടിന് 1400 സിമന്റ് കട്ടകൾ എന്ന ക്രമത്തിൽ ഉത്പാദിപ്പിച്ച് നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും, തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മാണ സാമഗ്രിയൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ഇതിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 587 നിർമ്മാണ സാമഗ്രി യൂണിറ്റുകൾ സ്ഥാപിക്കുകയും 3347558 എണ്ണം സിമന്റ് കട്ടകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തു. 4 ലക്ഷം രൂപയ്ക്ക് ഉപരിയായി ലഭിച്ച ഈ ആനുകൂല്യങ്ങൾ ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് വലിയ ആശ്വാസമായി എന്നതിൽ സംശയമില്ല.

## കേരള ട്രൈബൽ പ്ലസ്

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിൽ ഏർപ്പെടുന്ന കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ നൽകുന്നതിനാണ് കേന്ദ്ര സർക്കാർ സഹായം ലഭ്യമാക്കുന്നത്. എന്നാൽ സംസ്ഥാനത്തെ മുഴുവൻ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും 200 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ നീക്കിവയ്ക്കുകയും, കേന്ദ്ര സഹായമായി ലഭിക്കുന്ന 100 ദിവസത്തിന് ഉപരിയായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്നതിന് കേരള ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ഇപ്രകാരം പട്ടിക വർഗ്ഗ മേഖലയിൽ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലിന്റെ ഫലമായി തൊഴിലുറപ്പ് പദ്ധതിയിൽ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ പങ്കാളിത്തം ഗണ്യമായി വർദ്ധിക്കുകയുണ്ടായി. സംസ്ഥാനത്ത് 68834 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആകെ 54.59 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുകയുണ്ടായി. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ 79.31 ആയി ഉയർത്തുവാൻ സാധിച്ചു. 23343 കുടുംബങ്ങൾ 100 ദിവസം പൂർത്തിയാക്കുകയും അതിൽ 1704 കുടുംബങ്ങൾ 200 ദിവസത്തെ തൊഴിൽ നേടുകയും ചെയ്തു. ഇതിലൂടെ 148 കോടി രൂപയുടെ അധികവരുമാനം പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ലഭ്യമാക്കിയതിലൂടെ ഇവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ തൊഴിലുറപ്പ് പദ്ധതി പ്രധാന പിന്തുണയായി മാറിയിരിക്കുകയാണ്.

## പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള മുൻകൂർ വേതന പദ്ധതി

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്ത് 15 ദിവസങ്ങൾക്കകം വേതനം ലഭിക്കണമെന്നാണ് പദ്ധതി നിഷ്കർഷിക്കുന്നതെങ്കിലും കേന്ദ്ര സർക്കാരിൽ നിന്നും കൃത്യസമയത്ത് വേതനം ലഭിക്കാത്തത് പട്ടിക വർഗ്ഗ തൊഴിലാളികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആവിഷ്കരിച്ച പദ്ധതിയാണിത്. വയനാട് ജില്ലയിലും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് പ്രദേശത്തുമാണ് കുടുംബശ്രീയുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിൻപ്രകാരം 5258 തൊഴിലാളികൾക്കായി 2.10 കോടി രൂപ മുൻകൂർ വേതനമായി വിതരണം ചെയ്തിട്ടുണ്ട്. മുൻകൂർ വേതനം ലഭ്യമാകുന്ന സാഹചര്യമുണ്ടായപ്പോൾ തന്നെ പദ്ധതിയിൽ പങ്കെടുക്കുന്ന പട്ടിക വർഗ്ഗ തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും, മെറ്റീരിയൽ ഘടകം പരമാവധി പ്രയോജനപ്പെടുത്തി സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്നതിനുമാണ് ലക്ഷ്യം വയ്ക്കുന്നത്. പ്രവർത്തനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.●

## 2019-20 സാമ്പത്തിക വർഷം മുൻഗണന നൽകുന്ന പ്രവൃത്തികൾ

അവിദഗ്ദ്ധ തൊഴിൽ ദിനങ്ങളിൽ യാതൊരു കുറവും ഉണ്ടാകാതെ സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് അടുത്ത വർഷം ലക്ഷ്യം വയ്ക്കുന്നത്. ചുവടെപ്പറയുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്.

1. ചെക്ക്ഡാം
2. ഫാം പോണ്ടുകൾ
3. പശുത്തൊഴുത്ത്/ആട്ടിൻകൂട്/കോഴിക്കൂട്/പന്നിക്കൂട്
4. കമ്പോസ്റ്റ്പിറ്റ്
5. സോക്ക്പിറ്റ്
6. ബയോഗ്യാസ് പ്ലാന്റ് (ദീനബന്ധു മോഡൽ)
7. അസോള ടാങ്ക്
8. കിണർ റീച്ചാർജ്ജിങ്
9. ഫലവൃക്ഷത്തോട്ടം
10. കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വർക്ക്ഷെഡ്
11. സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൌകര്യ വികസനം
12. ഗ്രാമച്ചന്തകളുടെ നിർമ്മാണം


എന്റെ മാലിന്യം
എന്റെ ഉത്തരവാദിത്തം
നമ്മുടെ തന്നെ ആരോഗ്യമാണ്
നാം വലിച്ചെറിയുന്നത്!
ജൈവമാലിന്യങ്ങൾ വീട്ടിൽ തന്നെ കമ്പോസ്റ്റാക്കുക.
അഴുകാത്തവ വൃത്തിയായി സൂക്ഷിച്ച് പാഴ്‌വസ്തു വ്യാപാരികൾക്കോ തദ്ദേശസ്ഥാപന സംവിധാനങ്ങളിലോ കൈമാറുക.
പുനരുപയോഗിക്കാവുന്നവ സ്വാപ്പ് ഷോപ്പുകളിൽ കൈമാറുക.
മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും മൂലം ഡയോക്സിൻ ഫ്യൂറാൻ എന്നീ വിഷവസ്തുക്കൾ നമ്മുടെ ആഹാരത്തിലൂടെ നമ്മിലേക്ക് തന്നെ തിരിച്ചുവരുന്നു. അത് ക്യാൻസറിന് കാരണമാകുന്നു.
SUCHITWA MISSION | Swaraj Bhavan, Base Floor (-1), Nanthencode, Kowdiar PO, Thiruvananthapuram - 695003
ശുചിത്വ മിഷൻ


എന്റെ മാലിന്യം
എന്റെ ഉത്തരവാദിത്തം
“അഴുകുന്ന മാലിന്യങ്ങൾ
വീട്ടിൽതന്നെ കമ്പോസ്റ്റാക്കാം”
മാലിന്യം, അലക്ഷ്യമായിട്ടല്ല. ശരിയായി സംസ്കരിക്കുക.
✓ അഴുകുന്ന മാലിന്യങ്ങൾ വീട്ടിൽ തന്നെ കമ്പോസ്റ്റാക്കുക.
✓ പുനരുപയോഗിക്കാവുന്നവ സ്വാപ് ഷോപ്പുകളിൽ കൈമാറുക.
✓ അഴുകാത്തവ വൃത്തിയായി സൂക്ഷിച്ച് പാഴ്‌വസ്തു വ്യാപാരികൾക്കോ തദ്ദേശസ്ഥാപന സംവിധാനങ്ങളിലോ കൈമാറുക.
SUCHITWA MISSION
Swaraj Bhavan, Base Floor (-1), Nanthencode, Kowdiar PO, Thiruvananthapuram - 695003
ശുചിത്വ മിഷൻ


ശുചിത്വ മിഷൻ
കരുതലുള്ള മാതാപിതാക്കളെന്ന നിലയിൽ
ഡിസ്പോസിബിൾ വസ്തുക്കളോട് പറയാം
NO!
വരും തലമുറയിലേക്കൊരു വിപത്താണ് നാം അലക്ഷ്യമായി വലിച്ചെറിയുന്നത്. അവസാനിപ്പിക്കാം ഈ സംസ്കാരം.
അഴുകുന്ന മാലിന്യങ്ങൾ വീട്ടിൽ തന്നെ കമ്പോസ്റ്റാക്കുക.
അഴുകാത്തവ വൃത്തിയാക്കി സൂക്ഷിച്ച് പാഴ്‌വസ്തു വ്യാപാരികൾക്കോ തദ്ദേശസ്ഥാപന സംവിധാനങ്ങളിലോ കൈമാറുക.
പുനരുപയോഗിക്കാവുന്നവ സ്വാപ് ഷോപ്പുകളിൽ കൈമാറുക.
എന്റെ മാലിന്യം
എന്റെ ഉത്തരവാദിത്തം
SUCHITWA MISSION | Swaraj Bhavan, Base Floor (-1), Nanthencode, Kowdiar PO, Thiruvananthapuram - 695003

March-April 2019
₹ 2/- Annual Subscription Rs. 12.00

GRAMABHOOMI
Bi-Monthly

RN. No. 36116/1980

# ഗ്രാമീണകേരളത്തിന്റെ നേർക്കാഴ്ചയുമായി

## ഗ്രാമഭൂമി



വായിക്കുക,
വരിക്കാരാകുക

ഗ്രാമഭൂമി

2 വർഷത്തേക്ക് ₹24 മാത്രം

മണിയോർഡർ അയയ്ക്കേണ്ട വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003

Printed and Published by Ajitha Das, Chief Officer, Rural Information Bureau, Owned by N Padmakumar IAS, Commissioner of Rural Development, Government of Kerala, Printed at Government Press, Mannanthala, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: Ajitha Das